01
2025
ആഗസ്റ്റ്
വെള്ളി
കർക്കിടകം16

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No.196 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-196 | പേജ് 4. വില 2.00 രൂപ




02 കേരള ഫിലിം പോളിസി കോൺക്ലേവ്: മുഖ്യാതിഥികളായി മോഹൻലാലും സുഹാസിനിയും

03 കന്യാസ്ത്രീകളുടെ അറസ്റ്റ് ലോക്സഭയിൽ ഉന്നയിച്ച് കോൺഗ്രസ്

04 സ്വച്ഛസർവേക്ഷന്റെ ആയിരം റാങ്കിനുള്ളിൽ കേരളത്തിലെ 82 നഗരസഭകൾ

## ട്രോളിംഗ് നിരോധനം അവസാനിക്കുന്നു

# പ്രതീക്ഷയോടെ മത്സ്യത്തൊഴിലാളികൾ



കൊച്ചി: ട്രോളിംഗ് നിരോധനം തീരാൻ ഇനി മണിക്കൂറുകൾ മാത്രം ബാക്കി. ഇന്ന് അർധരാത്രിക്കു ശേഷം മത്സ്യബന്ധന ബോട്ടുകൾ കടലിലേക്ക് പോകും. കൊച്ചി, മുരുക്കുംപാടം, മുനമ്പം, മത്സ്യബന്ധനകേന്ദ്രങ്ങളിൽ ഇതിനുള്ള തയാറെടുപ്പുകൾ നടന്നുവരികയാണ്.

ട്രോളിംഗ് നിരോധനത്തെ തുടർന്ന് നാട്ടിലേക്ക് പോയ അതിഥി തൊഴിലാളികൾ ഭൂരിഭാഗവും തിരിച്ചെത്തിയിട്ടുണ്ട്. ബോട്ടുകളിൽ മത്സ്യബന്ധന സാമഗ്രികൾ കയറ്റുന്ന പണികൾ പുരോഗമിക്കുകയാണ്. ഒപ്പം ഭക്ഷണവും വെള്ളവും എല്ലാം സ്റ്റോക്ക് ചെയ്യുന്ന പണികളും നടക്കുന്നുണ്ട്.

ബോട്ട് യാഡുകളിലും മറൈൻ വർക്ഷോപ്പുകളിലും അറ്റകുറ്റപ്പണികൾക്കായി കയറ്റിയിരുന്ന യാനങ്ങളുടെ അവസാന മിനുക്കുപണികളിലാണ് തൊഴിലാളികൾ. ഒപ്പം വല സെറ്റ് ചെയ്യുന്ന പണികളും ദ്രുതഗതിയിൽ നടന്നുവരികയാണ്.ഇന്നു മുതൽ ബോട്ടുകളിൽ ഇന്ധനവും നിറച്ചു തുടങ്ങും.

കനത്ത കാലവർഷത്തെ തുടർന്ന് ഇളകിമറിഞ്ഞു കിടക്കുന്ന കടലിലേക്ക് വൻ പ്രതീക്ഷയോടെയാണ് ബോട്ടുകൾ ഇക്കുറി ട്രോളിംഗ് നിരോധനം കഴിഞ്ഞ് മത്സ്യബന്ധനത്തിനായി പോകുന്നത്. കിളിമീൻ, കണവ, കൂന്തൽ, ചെമ്മീൻ തുടങ്ങിയ മത്സ്യങ്ങളാണ് ഈ സമയത്ത് ധാരാളമായി ലഭിക്കുന്നത്.

കഴിഞ്ഞ സീസണിൽ അവസാനം ഫിഷിംഗ് മോശമായതോടെ പല ബോട്ടുകൾക്കും വലിയ നഷ്ടമാണുണ്ടായത്. ഇക്കുറി കടലമ്മ കനിഞ്ഞാൽ കടമെല്ലാം വീട്ടാമെന്ന പ്രതീക്ഷയിലാണ് ബോട്ടുടമകളും തൊഴിലാളികളും.

## കന്യാസ്ത്രീകളുടെ അറസ്റ്റ്; ജാമ്യാപേക്ഷയുമായി ഹൈക്കോടതിയെ സമീപിക്കും

റായ്പൂർ: ഛത്തീസ്ഗഡിൽ മനുഷ്യക്കടത്തും നിർബന്ധിത മതപരിവർത്തനവും ആരോപിച്ച് അറസ്റ്റ് ചെയ്ത മലയാളി കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷയുമായി സഭാനേതൃത്വം വെള്ളിയാഴ്ച ഹൈക്കോടതിയെ സമീപിക്കും. എൻഐഐ കോടതിയിൽ ജാമ്യാപേക്ഷ നൽകുന്നത് സമയനഷ്ടമുണ്ടാക്കുമെന്ന നിയമോപദേശത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി.

റായ്പൂരിലെയും ഡൽഹിയിലെയും മുതിർന്ന അഭിഭാഷകർ അടങ്ങുന്ന സംഘം കന്യാസ്ത്രീകൾക്ക് വേണ്ടി സഭാനേതൃത്വത്തിൻറെ നിർദേശപ്രകാരം ഹൈക്കോടതിയിൽ ഹാജരാകും. കന്യാസ്ത്രീകളുടെ ജാമ്യാപേക്ഷയുമായി ബുധനാഴ്ച ദുർഗ് സെഷൻസ് കോടതിയെ സമീപിച്ചെങ്കിലും കോടതി ഹർജി പരിഗണിച്ചിരുന്നില്ല. കേസ് ബിലാസ്പൂർ എൻഐഎ കോടതിയിലേക്ക് മാറ്റുകയായിരുന്നു.

കന്യാസ്ത്രീകൾക്കെതിരേ ചുമത്തപ്പെട്ട വകുപ്പുകൾ ഗുരുതരമാണ്. ഈ സാഹചര്യത്തിൽ ജാമ്യാപേക്ഷ പരിഗണിക്കാൻ സാധിക്കില്ലെന്ന് കോടതി പറഞ്ഞു. സാധാരണഗതിയിൽ ഇത്തരം കേസുകൾ പരിഗണിക്കുന്നത് എൻഐഎ കോടതിയാണെന്നും കോടതി നിരീക്ഷിച്ചിരുന്നു.

മതപരിവർത്തനം നടത്താൻ പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകുന്നു എന്നാരോപിച്ചാണ് ചേർത്തല ആസ്ഥാനമായ അസീസി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ് (ഗ്രീൻ ഗാർഡൻസ്) സന്ന്യാസ സഭയിലെ അംഗങ്ങളായ സിസ്റ്റർ പ്രീതി മേരി, സിസ്റ്റർ വന്ദന ഫ്രാൻസിസ് എന്നിവരെ അറസ്റ്റ് ചെയ്തത്.

ഇവർക്കെതിരേ ഗുരുതരമായ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. സിസ്റ്റർ പ്രീതിയാണ് കേസിലെ ഒന്നാം പ്രതി. സിസ്റ്റർ വന്ദന രണ്ടാം പ്രതിയാണ്.

നിർബന്ധിത മതപരിവർത്തന നിരോധന നിയമത്തിലെ വകുപ്പും സെക്ഷൻ 4, ബിഎൻഎസ് 143 എന്നീ വകുപ്പുകളാണ് ഇവർക്കെതിരേ ചുമത്തിയിരിക്കുന്നത്. പത്തുവർഷം വരെ തടവു ലഭിക്കാവുന്ന കുറ്റങ്ങളാണിത്. അറസ്റ്റിലായ കന്യാസ്ത്രീകൾ കഴിഞ്ഞ ആറ് ദിവസമായി ദുർഗ് സെൻട്രൽ ജയിലിൽ കഴിയുകയാണ് ഇവർ.

## ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് 25% അധിക തീരുവ ചുമത്തിയ ട്രംപിൻെറ മുന്നറിയിപ്പ് തള്ളി

ന്യൂഡൽഹി: ഇന്ത്യയ്ക്ക് മേൽ 25% അധിക തീരുവ ചുമത്തിയ അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപിൻറെ മുന്നറിയിപ്പ് തള്ളി ഇന്ത്യ. ദേശീയ താല്പര്യം സംരക്ഷിക്കാൻ എല്ലാ നടപടിയും സ്വീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കി.

കർഷകരുടെയും ചെറുകിട ഇടത്തരം വ്യവസായികളുടെയും ക്ഷേമത്തിനാണ് മുൻഗണനയെന്നും കേന്ദ്രം അറിയിച്ചു. ട്രംപിൻറെ പ്രഖ്യാപനത്തിൻറെ പ്രത്യാഘാതം പഠിക്കുകയാണെന്നും ഇരുപക്ഷത്തിനും ഗുണകരമായ കരാറിനാണ് ശ്രമിക്കുന്നതെന്ന് കേന്ദ്രം വിശദീകരിച്ചു.

ഇന്ത്യയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് 25% തീരുവ ചുമത്തിയെന്നാണ് ട്രംപിൻറെ പ്രഖ്യാപനം. റഷ്യയിൽ നിന്ന് ഇന്ത്യ ആയുധവും എണ്ണയും വാങ്ങുന്നതിനാൽ തീരുവയ്ക്ക് പുറമെ പിഴയും ചുമത്തുമെന്നും ട്രംപ് സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

ഇന്ത്യ സുഹൃത്താണെങ്കിലും അവർ ലോകത്തെ ഏറ്റവും ഉയർന്ന തീരുവകളാണ് ചുമത്തുന്നതെന്നും ട്രംപ് പറഞ്ഞു. എന്നാൽ ട്രംപിൻറെ മുന്നറിയിപ്പ് തള്ളുകയാണ് ഇന്ത്യ. ട്രംപിൻറെ പ്രഖ്യാപനത്തിന് പിന്നാലെ വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കറും വാണിജ്യമന്ത്രി പിയൂഷ് ഗോയലും ചർച്ച നടത്തി. ട്രംപിൻറെ പ്രഖ്യാപനം മന്ത്രിമാർ വിലയിരുത്തി. തുടർ നടപടികളിലേക്ക് കടക്കാനും തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ മൂന്ന് മാസമായി ഇന്ത്യ അമേരിക്ക വ്യാപാര കരാറിനായുള്ള ചർച്ചകൾ നടക്കുകയായിരുന്നു. കാർഷിക ഉത്പന്നങ്ങളുടെ തീരുവയിൽ തട്ടി ഇത് വഴിമുട്ടിയതോടെയാണ് ട്രംപ് തീരുവ ബോംബ് പ്രഖ്യാപിച്ചത്.

## മലേഗാവ് സ്ഫോടനക്കേസ്; ഏഴ് പ്രതികളെയും വെറുതെവിട്ടു

മുംബൈ: മലേഗാവ് സ്ഫോടനക്കേസിൽ ബിജെപി നേതാവ് പ്രഗ്യാസിംഗ് താക്കൂർ അടക്കം ഏഴ് പ്രതികളെയും കോടതി വെറുതെവിട്ടു. മുംബൈയിലെ പ്രത്യേക എൻഐഎ കോടതിയുടേതാണ് നടപടി. പ്രോസിക്യൂഷന് ഗൂഢാലോചന തെളിയിക്കാനായില്ലെന്ന് കോടതി നിരീക്ഷിച്ചു. 2008 സെപ്റ്റംബർ 29നാണ് മാലേഗാവിലെ ഭിക്കു ചൗക്കിൽ സ്ഫോടനമുണ്ടായത്. സംഭവത്തിൽ ആറുപേർ കൊല്ലപ്പെടുകയും നൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. 2011ലാണ് കേസ് എൻഐഎ ഏറ്റെടുത്തത്. 2018 ൽ വിചാരണ തുടങ്ങി. 323 സാക്ഷികളെയും എട്ട് പ്രതിഭാഗം സാക്ഷികളെയും വിസ്തരിച്ചു.

## വിവാഹ വാഗ്ദാനം നൽകി പീഡനം; റാപ്പർ വേടനെതിരെ കേസ്

കൊച്ചി: റാപ്പർ വേടനെതിരെ പീഡനക്കേസ്. വിവാഹവാഗ്ദാനം നൽകി പീഡിപ്പിച്ചുവെന്നാണ് പരാതി.

യുവഡോക്ടറുടെ പരാതിയിൽ കൊച്ചി തൃക്കാക്കര പോലീസ് കേസെടുത്തു. 2021 ഓഗസ്റ്റ് മുതൽ 2023 മാർച്ച് മാസം വരെ വിവിധ സ്ഥലങ്ങളിൽ വച്ച് വേടൻ പീഡിപ്പിച്ചു എന്നാണ് പരാതി. വിവാഹ വാഗ്ദാനം നൽകിയായിരുന്നു പീഡനമെന്ന് യുവതിയുടെ മൊഴിയുണ്ട്.

സമൂഹമാധ്യമത്തിലൂടെയാണ് ഇരുവരും പരിചയപ്പെട്ടത്. കോഴിക്കോട് ഫ്ലാറ്റിലെത്തി ആദ്യം പീഡിപ്പിച്ചത്.

തുടർച്ചയായ പീഡനശേഷം വിവാഹ വാഗ്ദാനത്തിൽ നിന്ന് വേടൻ പിൻമാറി. വേടൻറെ പിൻമാറ്റം തന്നെ ഡിപ്രഷനിലേക്ക് നയിച്ചുവെന്നും ആളുകൾ എങ്ങനെ പ്രതികരിക്കും എന്ന് ഭയപ്പെട്ടാണ് ഇതുവരെ പരാതി നൽകാതിരുന്നത് എന്നും യുവതി പോലീസിനോട് വ്യക്തമാക്കി.

## ഇത്തവണ ഓണക്കിറ്റ്, തുണി സഞ്ചി ഉൾപ്പെടെ 15 ഇനം സാധനങ്ങൾ

തിരുവനന്തപുരം: സപ്ലൈകോ ഓണച്ചന്തകൾക്ക് ഓഗസ്റ്റ് 25-ന് തുടക്കമാകുമെന്ന് മന്ത്രി ജി.ആർ. അനിൽകുമാർ. ജില്ലാ കേന്ദ്രങ്ങളിലും നിയോജനകമണ്ഡലം ആസ്ഥാനത്തും ആരംഭിക്കുന്ന ഓണച്ചന്തകളുടെ ഉദ്ഘാടനം 25-ാം തീയതി വൈകിട്ട് തിരുവനന്തപുരത്തെ പുത്തരിക്കണ്ടം മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 26, 27 തീയതികളിലായി മറ്റ് ജില്ലാ കേന്ദ്രങ്ങളിൽ ജില്ലാ ഫെയറുകളും തുടങ്ങും.

ഉത്രാടം നാളായ സെപ്റ്റംബർ നാലുവരെ, 10 ദിവസമാണ് ചന്തകൾ നടത്തുക. എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒരു പ്രധാന ഔട്ട്ലെറ്റിനോട് അനുബന്ധമായി ഓണം ഫെയർ നടത്തും. നിയമസഭാ മണ്ഡലങ്ങളിലെ ഓണം ഫെയറുകൾ ഓഗസ്റ്റ് 31 മുതൽ സെപ്റ്റംബർ നാലുവരെയാണ് നടത്തുക. വിപണിയടപെടൽ ഫലപ്രദമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഓഗസ്റ്റ് 25 മുതൽ സഞ്ചരിക്കുന്ന ഓണച്ചന്തകൾ സംഘടിപ്പിക്കും.

ഇതിലൂടെ, അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും ബ്രാൻഡഡ് ഉത്പന്നങ്ങളും ഉൾപ്രദേശങ്ങളിലടക്കം എത്തിക്കാനാകും എന്നാണ് സർക്കാർ കണക്കുകൂട്ടുന്നത്. റേഷൻ സംവിധാനത്തിലൂടെ വെള്ള കാർഡുകാർക്ക് 15 കിലോ സ്പെഷ്യൽ അരി 10 രൂപ 90 പൈസയ്ക്ക് ലഭ്യമാക്കും. നീല കാർഡുകാർക്ക് 10 കിലോ അരി ലഭ്യമാക്കും. പിങ്ക് കാർഡിന് അഞ്ചുകിലോ അരി ലഭ്യമാക്കും. മഞ്ഞ കാർഡിന് ഒരുകിലോ പഞ്ചസാര ലഭ്യമാക്കും.

എല്ലാ വിഭാഗം റേഷൻ കാർഡുകാർക്കും മണ്ണെണ്ണ വിഹിതം ഉറപ്പാക്കിയിട്ടുണ്ട്. അരി, വെളിച്ചെണ്ണ എന്നിവ ന്യായവിലയ്ക്ക് ഓണക്കാലത്ത് സപ്ലൈകോയിലൂടെ ലഭ്യമാക്കും. നിലവിൽ ഒരു റേഷൻ കാർഡിന് എട്ടുകിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്. ഓണക്കാലത്ത്, ഇതിനു പുറമേ കാർഡ് ഒന്നിന് 20 കിലോ പച്ചരിയോ പുഴുക്കലരിയോ 25 രൂപ നിരക്കിൽ സ്പെഷ്യലായി അനുവദിക്കും.

ഓണക്കാലത്ത് ശബരി ബ്രാൻഡിൽ സബ്സിഡിയായും നോൺ സബിസിഡിയായും വെളിച്ചെണ്ണ വിതരണം ചെയ്യും. മറ്റ് ബ്രാൻഡുകളുടെ വെളിച്ചെണ്ണയും എംആർപിയെക്കാൾ കുറഞ്ഞ വിലയ്ക്ക് സപ്ലൈകോ ഔട്ട്ലെറ്റുകളിൽ ലഭിക്കും. സൺഫ്ളവർ ഓയിൽ, പാം ഓയിൽ, റൈസ് ബ്രാൻ ഓയിൽ തുടങ്ങിയ മറ്റ് ഭക്ഷ്യ എണ്ണകളും ആവശ്യാനുസരണം ലഭ്യമാക്കും. സബ്സിഡി വെളിച്ചെണ്ണ ലിറ്ററിന് 349 രൂപ, അരലിറ്റർ 179 രൂപ എന്ന നിരക്കിൽ ലഭ്യമാക്കും. സബ്സിഡി ഇല്ലാത്ത വെളിച്ചെണ്ണ ലിറ്ററിന് 429 രൂപ, അരലിറ്റർ 219 രൂപ നിരക്കുകളിലും ലഭ്യമാക്കും.

എഎവൈ കാർഡുകാർക്കും ക്ഷേമസ്ഥാനപങ്ങൾക്കും തുണി സഞ്ചി ഉൾപ്പെടെ 15 ഇനം സാധനങ്ങൾ ഉൾപ്പെട്ട ആറുലക്ഷത്തിലധികം ഓണക്കിറ്റുകൾ നൽകും. ഓഗസ്റ്റ് 18 മുതൽ സെപ്റ്റംബർ രണ്ടുവരെ ആയിരിക്കും കിറ്റ് വിതരണം. സബ്സിഡി സാധനങ്ങളിൽ വൻപയറിന് 75 രൂപയിൽനിന്നും 70 രൂപയായും, തുവര പരിപ്പിന് 105 രൂപയിൽനിന്ന് 93 രൂപയായും വില കുറച്ചു. സബ്സിഡി വഴി ലഭിച്ചിരുന്ന മുളകിന്റെ അളവ് അര കിലോയിൽനിന്നും ഒരുകിലോ ആയി വർധിപ്പിച്ചു.



# പ്ലസ്ടു വിദ്യാർഥിനിക്കെതിരെ ലൈംഗീകാതിക്രമം; ഓട്ടോ ഡ്രൈവർ അറസ്റ്റിൽ

കോഴിക്കോട്: പ്ലസ്ടു വിദ്യാർഥിനിക്കെതിരെ ലൈംഗീകാതിക്രമം നടത്തിയ ഓട്ടോ ഡ്രൈവർ അറസ്റ്റിൽ.

കൊടുവള്ളി വാവാട് സ്വദേശി പേക്കണ്ടിയിൽ വീട്ടിൽ അബ്ദുൽ ഗഫൂർ (50) ആണ് പിടിയിലായത്. കുന്ദമംഗലം പോലീസാണ് ഇയാളെ പോക്സോ നിയമ പ്രകാരം അറസ്റ്റ് ചെയ്തത്.

തിങ്കളാഴ്ച ക്ലാസ് കഴിഞ്ഞ് വീട്ടിലേക്കു പോകുന്നതിനായി ബസ് സ്റ്റോപ്പിൽ ബസ് കാത്തു നിൽകുകയായിരുന്ന വിദ്യാർഥിനിയെ വീടിന് സമീപം ഇറക്കിത്തരാമെന്ന് പറഞ്ഞ് ഓട്ടോ ഡ്രൈവറായ പ്രതി തന്റെ ഓട്ടോയിൽ നിർബന്ധിപ്പിച്ച് കയറ്റി ലൈംഗികാതിക്രമം നടത്തുകയായിരുന്നു.

വാഹനം നിർത്താൻ ആവശ്യപ്പെട്ട് വിദ്യാർഥിനി ബഹളം ഉണ്ടാക്കിയപ്പോൾ ഇയാൾ വാഹനത്തിൽനിന്നു ഇറക്കി. തുടർന്ന് പ്രതി രക്ഷപ്പെട്ടു.

വിദ്യർഥിനി നൽകിയ പരാതിയിൽ കുന്ദമംഗലം പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും

കുന്ദമംഗലം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാരായ നിധിൻ, ജിബിഷ എന്നിവർ ചേർന്ന് പ്രതിയെ കുന്ദമംഗലത്ത് വച്ച് കസ്റ്റഡിയിലെടുക്കുകയുമായിരുന്നു.

# തിരുവനന്തപുരത്ത് പോലീസുകാരൻ ഓടിച്ച കാർ ബൈക്കിൽ ഇടിച്ചു; ദമ്പതികൾക്ക് ഗുരുതര പരിക്ക്

തിരുവനന്തപുരം: പെരുങ്കടവിളയിൽ മദ്യപിച്ച് പോലീസുകാരൻ ഓടിച്ച കാർ ബൈക്കിലിടിച്ച് ദമ്പതികൾക്ക് ഗുരുതരമായി പരിക്കേറ്റു. പോലീസ് ട്രെയിനിംഗ് കോളജിലെ ഡ്രൈവർ അനീഷ് ഓടിച്ച കാറിടിച്ചാണ് ദമ്പതികൾക്ക് പരിക്കേറ്റത്. തെള്ളുക്കുഴി സ്വദേശികളായ സജീവിനും ആതിരയ്ക്കും ആണ് പരിക്കേറ്റത്.

അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ ദമ്പതികൾ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഞായറാഴ്ച വൈകുന്നേരം പെരിങ്കടവിള ജംഗ്ഷനിലായിരുന്നു അപകടം. പോലീസ് ട്രെയിനിംഗ് കോളേജിലെ ഡ്രൈവറായ അനീഷും സുഹൃത്തുക്കളും സഞ്ചരിച്ച കാർ പെരുങ്കടവിളയിൽ നിന്ന് രണ്ട് കിലോമീറ്റർ അകലെ കീഴാറൂറിൽ ഓട്ടോ റിക്ഷയിലും ബൈക്കിലും ഇടിച്ച ശേഷമാണ് പെരുങ്കടവിളയിൽ നിറുത്തിയിട്ടിരുന്ന ഒരു കാറിനെ ഇടിച്ചത്.

ഇടിയുടെ ആഘാതത്തിൽ തൊട്ടടുത്ത പലചരക്ക് കടയിലേക്ക് നിറുത്തിയിട്ടിരുന്ന കാർ ഇടിച്ച് കയറി. പിന്നാലെ നിയന്ത്രണം വിട്ട അനീഷിന്റെ കാർ സജീവും ആതിരയും സഞ്ചിച്ചിരുന്ന ബൈക്കിനെ ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. നാട്ടുകാർ വളഞ്ഞതോടെ കാറിലുണ്ടായിരുന്നവർ മദ്യക്കുപ്പികളുമായി ഓടി രക്ഷപെട്ടു.

അനീഷിന്റെ ഒപ്പംമുണ്ടായിരുന്ന മൂന്ന് പേർ പോലീസുകാരാണെന്നും നാട്ടുകാർ പറയുന്നു. സംഭവ സ്ഥലത്തെത്തിയ പോലീസ് രണ്ട് പേരെ കസ്റ്റഡിയിൽ എടുത്തു. പോലീസ് ട്രയിനിംഗ് കോളേജിന്റെ സ്റ്റിക്കർ അപകടസമയം കാറിലുണ്ടായിരുന്നെന്നും, എന്നാൽ കസ്റ്റഡിയിലെടുത്ത ശേഷം കാറിൽ നിന്ന് സ്റ്റിക്കർ നീക്കം ചെയ്തു എന്നും പരാതിയുണ്ട്.

അപകടത്തിൽ കേസെടുത്ത മാരായമുട്ടം പോലീസ് വാഹനത്തിൽ ഉണ്ടായിരുന്നവരിൽ ആരും തന്നെ പോലീസുകാരല്ല എന്ന കണ്ടെത്തലിലാണ്. അന്തരിക അവയവങ്ങൾക്ക് ഗുരുതരമായി പരിക്കേറ്റ സജീവൻ മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ ചികിത്സയിലാണ്.

## ഞായറാഴ്ച മുതൽ മഴ വീണ്ടും ശക്തമാകും; മൂന്നു ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഞായറാഴ്ച മുതൽ മഴ വീണ്ടും ശക്തമാകാൻ സാധ്യത. ഒറ്റപ്പെട്ടയിടങ്ങളിൽ ഇന്നും വ്യാഴാഴ്ചയും മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് മധ്യകേരളത്തിലെ വിവിധ ജില്ലകളിൽ ഞായറാഴ്ച കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

അതേസമയം, കേരള തീരത്ത് ഇന്നും വ്യാഴാഴ്ചയും, കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും വ്യാഴം, ഞായർ ദിവസങ്ങളിലും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

ഇന്നും വ്യാഴാഴ്ചയും കേരള തീരത്ത് മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഇന്നും വ്യാഴം, ഞായർ ദിവസങ്ങളിലും കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 60 കിലോമീറ്റർ വരെയും വേഗത്തിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നല്കി.

## രക്ഷാപ്രവർത്തനം വൈകിയില്ല; കോട്ടയം മെഡിക്കൽ കോളജ് അപകടത്തിൽ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചു

കോട്ടയം: കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലെ കെട്ടിടം തകർന്നുണ്ടായ അപകടത്തിൽ

ജില്ലാ കളക്ടർ ജോൺവി. സാമുവൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ആരോഗ്യ മന്ത്രി, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർക്കാണ് അന്വേഷണ റിപ്പോർട്ട് കൈമാറിയത്.

അപകടത്തിൽ രക്ഷാപ്രവർത്തനം വൈകിയിട്ടില്ലെന്നാണ് അന്വേഷണ റിപ്പോർട്ടിലുള്ളത്. കെട്ടിടത്തിന്റെ ബലക്ഷയം സംബന്ധിച്ച് മുന്പ് ഔദ്യോഗിക റിപ്പോർട്ടുകളൊന്നും ഇല്ലായിരുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു.

മെഡിക്കൽ കോളജിൽ കെട്ടിടം തകർന്നുവീണ് തലയോലപറന്പ് സ്വദേശി ബിന്ദു ആണ് മരിച്ചത്.

സംഭവത്തിൽ വ്യാപകപ്രതിഷേധമുയർന്നതിന് പിന്നാലെയാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ കളക്ടറോട് ആവശ്യപ്പെട്ടത്.

## മുളന്തുരുത്തിയിൽ ജിമ്മിൽ വ്യായാമം ചെയ്യുന്നതിനിടെ യുവാവ് കുഴഞ്ഞുവീണ് മരിച്ചു

കൊച്ചി: മുളന്തുരുത്തിയിൽ ജിമ്മിൽ വ്യായാമം ചെയ്യുന്നതിനിടെ യുവാവ് കുഴഞ്ഞുവീണ് മരിച്ചു. മുളന്തുരുത്തി പെരുമ്പിള്ളി സ്വദേശി ചാലപ്പുറത്ത് രാജ് (42) ആണ് ജിമ്മിൽ കുഴഞ്ഞു വീണ് മരിച്ചത്.

ഇന്നു രാവിലെ 5.30 ഓടെ മുളന്തുരുത്തി പാലസ് സ്ക്വയറിലുള്ള ജിമ്മിലാണ് സംഭവം. ഈ സമയം ജിമ്മിൽ ആരുമുണ്ടായിരുന്നില്ല. ഇടയ്ക്കിടെ വ്യായാമം ചെയ്യാൻ ജിമ്മിലെത്തിയിരുന്ന ആളായിരുന്നു രാജ്. സാധാരണ രാവിലെ ആറ് മണിയോടെയാണ് രാജ് ജിമ്മിൽ എത്താറുള്ളത്.

എന്നാൽ ഇന്നു രാവിലെ അഞ്ചോടെ എത്തി ജിം തുറന്ന് വ്യായാമം ആരംഭിക്കുകയായിരുന്നു. 5.26ന് രാജ് കുഴഞ്ഞു വീഴുകയായിരുന്നു. പിന്നീട് ജിമ്മിലെത്തിയവരാണ് രാജിനെ അബോധാവസ്ഥയിൽ കാണുന്നത്.

20 മിനിറ്റോളം തറയിൽ കിടന്ന രാജിനെ 5.45 ഓടെയാണ് സിപിആർ നൽകി ആരക്കുന്നത്തെ സ്വകാര്യ ആശുപത്രിയിലെത്തിക്കുന്നത്. എന്നാൽ ഡോക്ടർമാർ മരണം സ്ഥിരീകരിക്കുകയായിരുന്നു.

## സംവരണ സീറ്റിലേക്ക് അപേക്ഷിക്കാം

തലശ്ശേരി ധർമ്മടം ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ 2025–26 അധ്യയന വർഷത്തെ കണ്ണൂർ സർവകലാശാല നാല് വർഷ ബിരുദപ്രോഗ്രാമിൽ വിവിധ വിഷയങ്ങളിൽ എസ്.സി/ എസ്.ടി/ ഇ.ഡബ്ല്യു.എസ് വിഭാഗങ്ങൾക്കായി സംവരണം ചെയ്ത ഒഴിവുകളിലേക്ക് പ്രസ്തുത വിഭാഗങ്ങളിലെ അർഹമായ യോഗ്യതയുള്ള വിദ്യാർഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ ആഗസ്റ്റ് 2ന് മുമ്പായി അപേക്ഷകൾ കോളേജ് ഓഫീസിൽ നേരിട്ട് സമർപ്പിക്കണം.

## GSTR-3B റിട്ടേൺ ഭേദഗതികൾ ഇനി GSTR-1A വഴി മാത്രം

2025 ജൂലൈ മാസത്തെ ഏടഠഞ3ആ റിട്ടേൺ മുതൽ, ഓട്ടോ പോപ്പുലേറ്റഡ് വിവരങ്ങളിൽ നികുതിദായകർക്ക് മാറ്റം വരുത്താൻ കഴിയില്ലെന്ന് സംസ്ഥാന ജിഎസ്ടി കമ്മീഷണർ അറിയിച്ചു. ഇതുവരെ ഏടഠഞ1/ഏടഠഞ1അ/കഎഎ എന്നിവയിൽ നൽകിയ വിവരങ്ങൾ അടിസ്ഥാനമാക്കി ഏടഠഞ3ആയിൽ നികുതി ബാധ്യത ഓട്ടോ പോപ്പുലേറ്റഡ് ചെയ്തെങ്കിലും, ചുരുങ്ങിയ പരിധിയിൽ തിരുത്തലിന് അവസരം ഉണ്ടായിരുന്നു. ഇത്തരം ഭേദഗതികൾ ഇനി മുതൽ ഏടഠഞ1അ വഴി നിർവഹിക്കണം.

2024 ജൂലൈ മുതൽ പ്രാബല്യത്തിൽ വന്ന ഏടഠഞ1അ സംവിധാനം ഉപയോഗിച്ച്, നികുതിദായകർ ഏടഠഞ1ൽ രേഖപ്പെടുത്തിയ തെറ്റുകൾ ശരിയാക്കാവുന്നതിനാൽ ഏടഠഞ3ആ റിട്ടേണിൽ തിരുത്തൽ വരുത്തേണ്ട ആവശ്യമില്ലെന്നും നികുതിദായകർ ഈ ഭേദഗതി ശ്രദ്ധിക്കണമെന്നും കമ്മീഷണർ അറിയിച്ചു.

## ഇൻഫോപാർക്കിലെ ശുചിമുറിയിൽ ഒളികാമറ; പോലീസ് കേസെടുത്തു

കൊച്ചി: ഇൻഫോപാർക്കിലെ ശുചിമുറിയിൽ ഒളികാമറ കണ്ടെത്തി. പാർക്ക് സെൻറർ കെട്ടിടത്തിലെ വനിതാ ശുചിമുറിയിലാണ് കാമറ കണ്ടെത്തിയത്.

പാർക്ക് സെൻറർ ഡെപ്യൂട്ടി മാനേജർ നൽകിയ പരാതിയിൽ ഇൻഫോപാർക്ക് പോലീസ് കേസെടുത്തു. സംഭവത്തിൽ അന്വേഷണം ആരംഭിച്ചതായി പോലീസ് അറിയിച്ചു. ഉയർന്ന തിരമാലയും കടലാക്രമണവും; കേരളതീരത്ത് ജാഗ്രത, മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ്

## മനുഷ്യക്കടത്ത് നിലനിൽക്കില്ല; തൃശൂർ റെയിൽവേ പോലീസെടുത്ത കേസിൽ രണ്ട് കന്യാസ്ത്രീകളെ കുറ്റവിമുക്തരാക്കി

തൃശൂർ: മനുഷ്യക്കടത്ത് ആരോപിച്ച് തൃശൂർ റെയിൽവേ പോലീസ് എടുത്ത കേസിൽ രണ്ട് കന്യാസ്ത്രീകളെ കുറ്റവിമുക്തരാക്കി. തൃശൂർ ഒന്നാം ക്ലാസ് അഡീഷണൽ സെഷൻസ് കോടതിയുടേതാണ് നടപടി.

പ്രതിപട്ടികയിലുള്ള രണ്ടു കന്യാസ്ത്രീകൾക്കെതിരേ മനുഷ്യക്കടത്ത് നിലനിൽക്കില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കോടതി ഉത്തരവ്. 2022 ലാണ് കേസിനാസ്പദമായ സംഭവം. ആലപ്പി ധൻബാദ് എക്സ്പ്രസിൽ ജാർഖണ്ഡിൽ നിന്ന് എത്തിച്ച മൂന്ന് പെൺകുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകർ റെയിൽവേ പോലീസിന് കൈമാറുകയായിരുന്നു. തൃശൂരിലെ കന്യാസ്ത്രീ മഠത്തിലേക്ക് സഹായികളായി എത്തിച്ചതായിരുന്നു ഇവരെ.

റെയിൽവേ പോലീസ് മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയാണ് കേസ് കോടതിക്ക് കൈമാറിയത്. എന്നാൽ ഇത് നിൽനിൽക്കില്ലെന്ന നിരീക്ഷണത്തോടെ കന്യാസ്ത്രീകളെ കോടതി കുറ്റവിമുക്തരാക്കുകയായിരുന്നു.

## വൈക്കത്ത് വള്ളംമുങ്ങിയുണ്ടായ അപകടം; കാണാതായ ആളുടെ മൃതദേഹം കരയ്ക്കടിഞ്ഞു

വൈക്കം: ചെമ്പ് മുറിഞ്ഞപുഴ നടുതുരുത്ത് ഭാഗത്തു വള്ളം മുങ്ങിയുണ്ടായ അപകടത്തിൽ കാണാതായ ആളുടെ മൃതദേഹം കണ്ടെത്തി. ചേർത്തല പാണാവള്ളി കൊറ്റപ്പള്ളിയിൽ കണ്ണനെന്ന് വിളിക്കുന്ന സുമേഷ്(45) ആണ് മരിച്ചത്. ഇന്ന് രാവിലെ മൃതദേഹം കരയ്ക്കടിയുകയായിരുന്നു. തിങ്കളാഴ്ച ഉച്ചയ്ക്ക് 2.15ഓടെയായിരുന്നു അപകടം. കാട്ടിക്കുന്ന് സ്വദേശി സിന്ധു മുരളിയുടെ മരണാനന്തരചടങ്ങിൽ പങ്കെടുക്കാൻ ചേർത്തല പാണാവള്ളിയിൽ നിന്നു വള്ളത്തിൽ വന്നവർ സംസ്കാരം കഴിഞ്ഞു തിരിച്ചു പോകുന്നതിനിടയിലായിരുന്നു വള്ളം മുങ്ങിയത്.

മരണവീട്ടിൽ നിന്നു 23 പേരുമായി വന്ന എഞ്ചിൻ ഘടിപ്പിച്ച വള്ളം 100 മീറ്ററോളം മുന്നോട്ടു പോയപ്പോൾ അതിശക്തമായി വീശിയ കാറ്റിനൊപ്പം ഉയർന്ന തിര വള്ളത്തിലേക്ക് വെള്ളം കയറ്റി. നിമിഷങ്ങൾക്കകം വള്ളം മുങ്ങിത്താണു. സ്ത്രീകളും കൗമാരക്കാരനുമടക്കം 22പേരെ കക്കവാരൽത്തൊഴിലാളികളായ പെരുമ്പളം സ്വദേശി ശിവൻ, നടുത്തുരുത്തുകാരായ ചന്ദ്രൻ, രാമചന്ദ്രൻ എന്നിവർ രക്ഷിച്ചിരുന്നുകാണാതായ സുമേഷിനായി ഫയർഫോഴ്സും പോലീസും നാട്ടുകാരും മത്സ്യത്തൊഴിലാളികളും ചേർന്ന് തെരച്ചിൽ നടത്തുന്നതിനിടെയാണ് മൃതദേഹം കരയ്ക്കടിഞ്ഞത്.

## കെക്സ്കോണിൽ തൊഴിലവസരം

തൈക്കാട് പ്രവർത്തിക്കുന്ന കെക്സ്കോൺ കേന്ദ്ര കാര്യാലയത്തിലേക്ക് ജൂനിയർ അക്കൗണ്ടന്റ് തസ്തികയിലെ ഒഴിവിലേക്ക് തിരുവനന്തപുരം ജില്ലയിലുള്ള കെക്സ്കോണിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിമുക്തഭടൻമാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അക്കൗണ്ട്സിലും ടാലിയിലും പ്രാവീണ്യവും കുറഞ്ഞത് 15 വർഷത്തെ പ്രവർത്തി പരിചയവും നിർബന്ധമായും ഉണ്ടായിരിക്കണം. ങശരൃീീളേ ഋഃരലഹ, ങശരൃീീളേ ണീൃറ എന്നിവയിൽ പ്രാവീണ്യം കൂടാതെ മലയാളത്തിലും ഇംഗ്ലീഷിലും ടൈപ്പിംഗ്, ഡ്രാഫ്റ്റിംഗ് എന്നിവ ചെയ്യാനുള്ള കഴിവും വേണം. ആർമി / എയർഫോഴ്സ് / നേവി എന്നിവയിൽ ക്ലറിക്കൽ കാറ്റഗറിയിൽ കുറഞ്ഞത് 15 വർഷം പ്രവർത്തിപരിചയം ഉള്ള വിമുക്തഭടൻ ആയിരിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 10 വൈകിട്ട് 5വരെ. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡാറ്റ, ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം kexconkerala2022@gmail.com എന്ന ഇ-മെയിലിലോ കെക്സ്കോൺ കേന്ദ്ര കാര്യാലയത്തിൽ നേരിട്ടോ ആഗസ്റ്റ് 10നകം ലഭ്യമാക്കണം. കൂടുതൽവിവരങ്ങൾക്ക്: 0471-2320771.

## സ്പോട്ട് അലോട്ട്മെന്റ്

പൂജപ്പുരയിലുള്ള എൽ.ബി.എസ് വനിതാ എൻജിനീയറിങ് കോളേജിൽ റോബോട്ടിക്സ് ആൻഡ് എ.ഐ എം.ടെക് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ഓഗസ്റ്റ് 1 നു സ്പോട്ട് അലോട്ട്മെന്റ് നടത്തും. താല്പര്യമുള്ള വിദ്യാർത്ഥികൾ ആവശ്യമായ രേഖകളുമായി കോളേജിൽ രാവിലെ 10 ന് എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക്: 9495207906, 9447900411.

## ബി.സി.എ / ബി.ബി.എ പ്രവേശനം: പ്രൊവിഷണൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ ബി.സി.എ. / ബി.ബി.എ കോഴ്സുകളിലേക്ക് അപേക്ഷ സമർപ്പിച്ചവരുടെ ഒന്നാം ഘട്ട പ്രൊവിഷണൽ അലോട്ട്മെന്റ് ംംം.ഹയരെലിൃേമ.സലൃമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർക്ക് ഓൺലൈനായി ഓഗസ്റ്റ് 3 വരെ നിർദിഷ്ട ടോക്കൺ ഫീസ് ഒടുക്കി തുടർന്ന് രണ്ടാം ഘട്ട അലോട്ട്മെന്റിലേക്കുള്ള ഓപ്ഷൻ പുനർക്രമീകരണം നടത്താം. അലോട്ട്മെന്റ് ലഭിച്ചു ടോക്കൺ ഫീസ് അടച്ചവർ അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്മെന്റുകൾക്കു പരിഗണിക്കപ്പെടേണ്ടതില്ലെങ്കിൽ അവ ഓപ്ഷൻ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യണം. ടോക്കൺ ഫീസ് അടയ്ക്കാത്തവർക്കു അലോട്ട്മെന്റ് നഷ്ടപ്പെടും. അവരുടെ ഓപ്ഷനുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കില്ല. ടോക്കൺ ഫീസ് അടച്ചവർ കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക്: 0471-2324396, 2560361, 2560327.

## ആദ്യം സിസ്റ്റർമാർക്ക് നീതി ലഭിക്കട്ടെ, എന്നിട്ട് ചായ കുടിക്കാം: കർദിനാൾ ബസേലിയോസ് ക്ലീമിസ്

തിരുവനന്തപുരം: കന്യാസ്ത്രീകളുടെ അറസ്റ്റിൽ നിലപാട് കടുപ്പിച്ച് കേരള കത്തോലിക്ക മെത്രാൻ സമിതി(കെസിബിസി). സിസ്റ്റർമാർക്ക് നീതി ലഭിക്കാതെ വന്നാൽ എന്ത് ചങ്ങാത്തമെന്ന് കെസിബിസി അധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പ്രതികരിച്ചു. പിന്നെ എങ്ങനെയാണ് സാഹോദര്യത്തിന്റെ പൂർണത പറയാൻ കഴിയുക. സിസ്റ്റർമാർക്ക് നീതി ലഭിക്കുമെന്ന് ഉറപ്പാകുന്പോൾ ആണല്ലോ ബാക്കി സംസാരം. ആദ്യം അത് നടക്കട്ടെ. അതിന് ശേഷം ചായ കുടിക്കാമെന്നും അദ്ദേഹം പറഞ്ഞു.

ഇത് സംബന്ധിച്ച നടപടികളുടെ പേരിൽ ആയിരിക്കും ഇനി നിലപാടുകൾ. ഭാരതത്തിലെ രണ്ട് സന്യാസിനിമാർ സ്വന്തം രാജ്യത്ത് അപമാനിക്കപ്പെടുന്നു എന്ന് വേണം ഛത്തീസ്ഗഡിലെ വിഷയം കാണാൻ. അവർ ക്രിസ്ത്യാനികളായി പോയി എന്ന സങ്കടം ഞങ്ങൾക്കുണ്ട്.

ദേശമൊന്നായി രാഷ്ട്രീയ വ്യത്യാസമില്ലാതെ ഒരുമിച്ച് നിൽക്കേണ്ട സമയമാണ്. എംപിമാർ കന്യാസ്ത്രീകളെ ജയിലിൽ സന്ദർശിച്ചത് ആശ്വാസകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## കെഎസ്ആർടിസി ബസിനു നേരെ യുവാക്കളുടെ ആക്രമണം; ഹെൽമറ്റ് കൊണ്ട് ചില്ലു തകർത്തു

ആലപ്പുഴ: കായംകുളത്ത് കെഎസ്ആർടിസി ബസിനുനേരെ യുവാക്കളുടെ ആക്രമണം. കായംകുളം കൊറ്റൻകുളങ്ങരയിലാണ് സംഭവം. വണ്ടാനത്ത് നിന്ന് കരുനാഗപ്പള്ളിയിലേക്ക് യാത്രക്കാരുമായി പോവുകയായിരുന്ന ബസിനുനേരെയാണ് ആക്രമണം ഉണ്ടായത്. ഓടിക്കൊണ്ടിരിക്കേ ബൈക്കിലെത്തിയ യുവാക്കൾ ബസിന്റെ മുൻവശത്തെ ചില്ല് ഹെൽമറ്റ് കൊണ്ട് എറിഞ്ഞ് തകർക്കുകയായിരുന്നു. ആക്രമണത്തിനു ശേഷം യുവാക്കൾ രക്ഷപ്പെട്ടു. സംഭവത്തിൽ ബസിലുണ്ടായിരുന്നവർക്കാർക്കും പരിക്കില്ല. സംഭവത്തിൽ കെഎസ്ആർടിസി ജീവനക്കാർ കായംകുളം പൊലീസിൽ പരാതി നൽകി. പ്രകോപനമില്ലാതെയായിരുന്നു ആക്രമണമെന്ന് ജീവനക്കാർ പറഞ്ഞു.

## അപേക്ഷ ക്ഷണിച്ചു

സിഡിറ്റിന്റെ അംഗീകൃത പഠനകേന്ദ്രങ്ങളിൽ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ, അഡ്വാൻസ്ഡ് ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് തലങ്ങളിലെ തൊഴിലധിഷ്ഠിത ഐടി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിന് ആഗസ്റ്റ് 10 നകം അപേക്ഷിക്കാം.

കൂടുതൽ വിവരങ്ങൾക്ക്: www.tet.cdit.org.

## ആധാരമെഴുത്തുകാരുടെയും, പകർപ്പെഴുത്തുകാരുടെയും, സ്റ്റാമ്പ് വെണ്ടർമാരുടെയും, ക്ഷേമനിധി അംഗങ്ങൾക്ക് 5500 രൂപ ഉത്സവബത്ത പ്രഖ്യാപിച്ചു

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി അംഗങ്ങൾക്ക് 2025 ഓണക്കാലത്ത് ഉത്സവബത്ത വർദ്ധിപ്പിക്കുവാൻ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയുടെ അദ്ധ്യക്ഷതയിൽച്ചേർന്ന ബോർഡ് യോഗം തീരുമാനിച്ചു. 2024 ൽ 5000 രൂപയായിരുന്ന ഉത്സവബത്തയാണ് 5500 രൂപയായി വർദ്ധിപ്പിച്ചത്. ഭവന വായ്പ പരിധി രണ്ടര ലക്ഷം രൂപ എന്നത് 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാനും ചികിത്സാ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങളുടെ പട്ടികയിൽ പുതുതായി രോഗങ്ങളെക്കൂടി ഉൾപ്പെടുത്തുവാനും യോഗം തീരുമാനിച്ചു.

## മലപ്പുറത്ത് കോഴിവേസ്റ്റ് പ്ലാൻറിൽ വീണ് അപകടം; മൂന്ന് ഇതരസംസ്ഥാന തൊഴിലാളികൾ മരിച്ചു

മലപ്പുറം: അരീക്കോട് കളപ്പാറയിൽ മാലിന്യടാങ്ക് വൃത്തിയാക്കുന്നതിനിടെയുണ്ടായ അപകടത്തിൽ മൂന്ന് ഇതരസംസ്ഥാന തൊഴിലാളികൾ മരിച്ചു. ബികാസ് കുമാർ, ഹിദേശ് ശരണ്യ, സമദ് അലി എന്നിവരാണ് മരിച്ചത്.

രാവിലെ 11ഓടെ മാലിന്യടാങ്ക് വൃത്തിയാക്കുന്നതിനിടെ കോഴിവേസ്റ്റ് പ്ലാൻറിൽ വീണാണ് അപകടം.

ഒരാളാണ് ആദ്യം കുഴിയിൽ വീണത്. ഇയാളെ രക്ഷപെടുത്താനുള്ള ശ്രമത്തിനിടെയാണ് മറ്റ് രണ്ട് പേരും അപകടത്തിൽപെട്ടത്.

ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളെ തുടർന്ന് ഇവരെ മഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

## ഗർഭിണിയായ യുവതി ഭർതൃവീട്ടിൽ മരിച്ച നിലയിൽ; ഭർത്താവ് കസ്റ്റഡിയിൽ

തൃശൂർ: ഇരിങ്ങാലക്കുടയിൽ ഗർഭിണിയായ യുവതിയെ ഭർതൃവീട്ടിൽ മരിച്ച നിലയിൽ കണ്ടെത്തി. കാരുമാത്ര സ്വദേശിനി ഫസീല (23) ആണ് മരിച്ചത്.

ഭർതൃപീഡനത്തെ തുടർന്നാണ് യുവതി ജീവനൊടുക്കിയതെന്നാണ് വിവരം. സംഭവത്തിൽ ഭർത്താവ് നൗഫലിനെ(29) പോലീസ് കസ്റ്റഡിയിലെടുത്തു.

ചൊവ്വാഴ്ച ഭർതൃവീട്ടിലെ ടെറസിലാണ് യുവതിയെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

ഫസീല രണ്ടാമത് ഗർഭിണിയായതിന് പിന്നാലെ ഭർത്താവ് ദേഹോപദ്രവം ചെയ്യുന്നുണ്ടെന്ന് യുവതി ഉമ്മയ്ക്ക് വാട്സ്അപ് സന്ദേശം അയച്ചിരുന്നു. ഗർഭിണിയായിരുന്ന സമയത്ത് നൗഫൽ ഫസീലയെ ചവിട്ടിയിരുന്നെന്നും ബന്ധുക്കൾ ആരോപിച്ചു.

ഒന്നര വർഷം മുമ്പായിരുന്നു ഇരുവരുടെയും വിവാഹം. കാർഡ് ബോർഡ് കമ്പനിയിലെ ജീവനക്കാരനാണ് നൗഫൽ. ദമ്പതികൾക്ക് പത്ത് മാസം പ്രായമായ കുഞ്ഞുണ്ട്.

## കന്യാസ്ത്രീകളുടെ അറസ്റ്റ് ലോക്സഭയിൽ ഉന്നയിച്ച് കോൺഗ്രസ്; വെളിവാകുന്നത് ബിജെപിയുടെ ഇരട്ടത്താപ്പെന്ന് വേണുഗോപാൽ

ന്യൂഡൽഹി: കന്യാസ്ത്രീകളുടെ അറസ്റ്റ് ലോക്സഭയിലെ ശൂന്യവേളയിൽ ഉന്നയിച്ച് കോൺഗ്രസ് എംപിമാർ. കന്യാസ്ത്രീകളുടെ മോചനത്തിൽ കേന്ദ്ര സർക്കാർ ഇടപെടണമെന്ന് എംപിമാർ സഭയിൽ ആവശ്യപ്പെട്ടു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുന്ന കന്യാസ്ത്രീകളെ ബജ്രംഗ് ദളിന്റെ സമ്മർദ്ദത്തിൽ അറസ്റ്റ് ചെയ്തെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് കെ.സി. വേണുഗോപാൽ ചൂണ്ടിക്കാട്ടി. കാൻസർരോഗികൾക്ക് വേണ്ടി അടക്കം നിർണായകമായ പ്രവർത്തങ്ങൾ നടത്തുന്നവരാണ് അവർ. സിബിസിഐ ആസ്ഥാനത്ത് പോയി ക്രൈസ്തവരെ സംരക്ഷിക്കുമെന്ന് പറഞ്ഞവർ ഇക്കാര്യത്തിൽ മറുപടി പറയണമെന്ന് വേണുഗോപാൽ ആവശ്യപ്പെട്ടു.

ബിജെപിയുടെ ഇരട്ടത്താപ്പാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഇത് ക്രിസ്ത്യാനികളുടെ മാത്രം കാര്യമല്ല, ദേശീയതലത്തിൽ തന്നെ അപലപിക്കേണ്ട വിഷയമാണെന്നും അദ്ദേഹം പറഞ്ഞു.

നിയമവിരുദ്ധമായാണ് കന്യാസ്ത്രീകളെ അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതെന്ന് കൊടിക്കുന്നിൽ സുരേഷ് എംപി വ്യക്തമാക്കി. ന്യൂനപക്ഷങ്ങളെ വളഞ്ഞിട്ട് ആക്രമിക്കുന്നതാണ് ഛത്തീസ്ഗഡിൽ കണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# സപ്ലൈക്കോ ഓണം ഫെയർ ആഗസ്റ്റ് 25 മുതൽ

സപ്ലൈക്കോ ഓണം ഫെയറിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് ആഗസ്റ്റ് 25 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും 10 ദിവസം നീണ്ടുനിൽക്കുന്ന മെഗാ ഓണം ഫെയറുകളും, 140 നിയമസഭാ മണ്ഡലങ്ങളിലായി അഞ്ചുദിവസം നീളുന്ന ഫെയറുകളും നടത്തും. നിയമസഭാ മണ്ഡലങ്ങളിൽ സപ്ലൈക്കോ പ്രധാന ഔട്ട് ലെറ്റിനോടനുബന്ധമായി ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 4 വരെയാണ് ഫെയർ സംഘടിപ്പിക്കുന്നത്. ജില്ലാ ഫെയറുകൾ ഉത്രാടം നാളായ സെപ്റ്റംബർ നാലു വരെ ഉണ്ടാകും. ആഗസ്ത് 25 മുതൽ സഞ്ചരിക്കുന്ന ഓണച്ചന്തകളിലൂടെ അരിയും ഭക്ഷ്യവസ്തുക്കളും ബ്രാൻഡഡ് ഉത്പന്നങ്ങളും ഉൾപ്രദേശങ്ങളിലേക്കും എത്തിക്കുമെന്നും സെക്രട്ടേറിയറ്റ് പി ആർ ചേമ്പറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

ഓണക്കാലത്ത് അരി, വെളിച്ചെണ്ണ എന്നിവ ന്യായവിലയ്ക്ക് സപ്ലൈകോയിലൂടെ ലഭ്യമാക്കും. നിലവിൽ ഒരു റേഷൻ കാർഡിന് 8 കിലോ ഗ്രാം അരിയാണ് സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നത്. ഓണക്കാലത്ത് ഇതിനുപുറമേ കാർഡൊന്നിന് 20 കിലോ പച്ചരിയോ/പുഴുക്കലരിയോ 25 രൂപ നിരക്കിൽ സ്പെഷ്യൽ അരിയായി ലഭ്യമാക്കും. എ എ വൈ കാർഡുകാർക്കും ക്ഷേമ സ്ഥാപനങ്ങൾക്കും തുണിസഞ്ചി ഉൾപ്പെടെ 15 ഇനം സാധനങ്ങൾ ഉൾപ്പെട്ട 6 ലക്ഷത്തിലധികം ഓണക്കിറ്റുകൾ നൽകുമെന്നും ആഗസ്റ്റ് 18 മുതൽ സെപ്റ്റംബർ 2 വരെ കിറ്റുകൾ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

വെളിച്ചെണ്ണയ്ക്ക് വിലകൂടിയ സാഹചര്യത്തിൽ, സാധാരണക്കാർക്ക് മിതമായവിലയ്ക്ക് വെളിച്ചെണ്ണ ലഭ്യമാക്കാൻ സപ്ലൈകോ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെളിച്ചെണ്ണയ്ക്ക് പുതിയ ടെൻഡർ വിളിക്കുകകയും വിതരണക്കാരുമായി ചർച്ച ചെയ്ത് വില സംബന്ധിച്ച ധാരണയിലെത്തുകയും ചെയ്തിട്ടുണ്ട്. ഓണക്കാലത്ത് ശബരി ബ്രാൻഡിൽ സബ്സിഡിയായും നോൺ സബ്സിഡിയായും വെളിച്ചെണ്ണ വിതരണം ചെയ്യും. സബ്സിഡി വെളിച്ചെണ്ണയ്ക്ക് ലിറ്ററിന് 349 രൂപയിലും അര ലിറ്റർ പായ്ക്കറ്റിന് 179 രൂപയിലും, സബ്സിഡിയിതര വെളിച്ചെണ്ണ 429 രൂപയിലും അര ലിറ്ററിന് 219 രൂപയിലും അധികരിക്കാതെ വിതരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ മറ്റു ബ്രാൻഡുകളുടെ വെളിച്ചെണ്ണയും എം ആർ പിയേക്കാൾ കുറഞ്ഞ വിലയ്ക്ക് സപ്ലൈകോ ഔട്ട് ലെറ്റുകളിൽ ലഭിക്കും. സൺഫ്ലവർ ഓയിൽ, പാം ഓയിൽ, റൈസ് ബ്രാൻ ഓയിൽ തുടങ്ങിയ മറ്റു ഭക്ഷ്യ എണ്ണകളും ആവശ്യാനുസരണം ലഭ്യമാക്കും.

വൻപയർ, തുവരപ്പരിപ്പ് എന്നീ സബ്സിഡി ഇനങ്ങളുടെ വില കുറച്ചു. വൻ പയറിന് 75 രൂപയിൽ നിന്നും 70 രൂപയായും തുവര പരിപ്പിന് 105 രൂപയിൽ നിന്ന് 93 രൂപയായുമാണ് വില കുറച്ചത്. സബ്സിഡി നിരക്കിൽ നൽകുന്ന മുളകിന്റെ അളവ് അര കിലോയിൽ നിന്നും 1 കിലോയായി വർദ്ധിപ്പിച്ചു. (കിലോയ്ക്ക് 115.5/ രൂപ അര കിലോയ്ക്ക് 57.50/ രൂപ) വെളിച്ചെണ്ണ ഒഴികെ എല്ലാ സബ്സിഡി സാധനങ്ങളും ഇപ്പോൾ ഔട്ട് ലെറ്റുകളിൽ ലഭ്യമാണ്. ഓണക്കാലത്ത് മുഴുവൻ സബ്സിഡി സാധനങ്ങളും തടസ്സമില്ലാതെ ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി

ഓണക്കാലത്ത് ശബരി ബ്രാൻഡിൽ സേമിയ/പാലട പായസം മിക്സ് (200 ഗ്രാം പാക്കറ്റുകൾ), പഞ്ചസാര, ഉപ്പ്, പാലക്കാടൻ മട്ട വടിയരി, മട്ട ഉണ്ടയരി എന്നിവ പുറത്തിറക്കും. അരി നേരിട്ട് തെരഞ്ഞെടുത്ത്, മില്ലുകൾ വഴി സംസ്കരിച്ച് പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് പുട്ടുപൊടിയും അപ്പം പൊടിയും ശബരി ബ്രാൻഡിൽ വിപണനം ചെയ്യാനും പദ്ധതിയുണ്ട്. പുതിയ ഉൽപ്പന്നങ്ങൾ ആഗസ്റ്റ് 18 ന് സപ്ലൈകോ ആസ്ഥാനത്ത് നടക്കുന്ന ചടങ്ങിൽ പുറത്തിറക്കും. 32 മേജർ കമ്പനികളിൽ നിന്നുമായി 288 ബ്രാൻഡഡ് നിത്യോപയോഗ ഉത്പന്നങ്ങൾക്ക് പ്രത്യേക ഓഫറുകളോടെ 10 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ ഓണക്കാലത്ത് ലഭ്യമാക്കുമെന്നു മന്ത്രി പറഞ്ഞു.

സപ്ലൈകോയുടെ 3 പ്രധാന ഔട്ട് ലെറ്റുകൾ ഈ വർഷം സിഗ്നേച്ചർ മാർട്ട് എന്ന പേരിൽ പ്രീമിയം ഔട്ട് ലെറ്റുകൾ ആക്കി മാറ്റും. ഓണക്കാലത്ത് തലശ്ശേരി ഹൈപ്പർമാർക്കറ്റ്, സിഗ്നേച്ചർ മാർട്ട് ആക്കി മാറ്റിക്കൊണ്ടാണ് ഈ വലിയ മാറ്റത്തിന് തുടക്കമാവുക. സപ്ലൈകോയുടെ സ്വന്തം ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ഹൈപ്പർ മാർക്കറ്റ്, എറണാകുളം ഹൈപ്പർ മാർക്കറ്റ് എന്നിവയും സിഗ്നേച്ചർ മാർട്ടുകളായി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആധുനിക രീതിയിലുള്ള മികച്ച ഷോപ്പിംഗ് അനുഭവം ഉപഭോക്താവിന് നൽകുകയാണ് സിഗ്നേച്ചർ മാർട്ടിന്റെ ലക്ഷ്യം. കഴിഞ്ഞ ഓണത്തിന് 183 കോടിയുടെ വിൽപനയാണ് നടന്നത്. ഇത്തവണ 250 കോടിയിൽ കുറയാത്ത വിൽപനയാണ് സപ്ലൈകോ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

ഓണത്തിന് വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മറ്റുള്ളവർക്ക് സമ്മാനമായി നൽകാൻ സപ്ലൈകോ ഗിഫ്റ്റ് കാർഡുകളും വിവിധ കിറ്റുകളും രംഗത്തിറക്കി. 1225 രൂപ വിലയുള്ള സമൃദ്ധി കിറ്റ് ആയിരം രൂപയ്ക്കും, 625 രൂപ വിലയുള്ള സമൃദ്ധി മിനി കിറ്റ് 500 രൂപയ്ക്കും, 305 രൂപ വിലയുള്ള ശബരി സിഗ്നേച്ചർ കിറ്റ് 229 രൂപയ്ക്കും സപ്ലൈകോ നൽകും. കൂടാതെ 500 രൂപയുടെയും 1000 രൂപയുടെയും ഗിഫ്റ്റ് കാർഡുകളും വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഓണക്കാലത്ത് ജീവനക്കാർക്ക് സമ്മാനങ്ങൾ നൽകുന്ന സ്വകാര്യ സ്ഥാപനങ്ങൾക്കും, റസിഡൻസ് അസോസിയേഷനുകൾക്കും, ദുർബല വിഭാഗങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്യുന്ന വെൽഫെയർ സ്ഥാപനങ്ങൾക്കും സപ്ലൈകോയുടെ ഈ പുതിയ സംവിധാനം ഉപയോഗിക്കാവുന്നതാണ്.

സപ്ലൈകോയിൽ നിന്ന് ഓണക്കാലത്ത് 2500രൂപയിലധികം സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്നവർക്കായി ഒരു ലക്കി ഡ്രോ നടത്തും. ഒരു പവൻ സ്വർണ്ണ നാണയമടക്കം വിവിധ സമ്മാനങ്ങൾ വിജയികൾക്ക് നൽകും. സംസ്ഥാനത്തെ 140 ഓണച്ചന്തകളിലും ഇത്തരം നറുക്കെടുപ്പുകൾ ദിവസേന നടത്തി വിജയികൾക്ക് വെളിച്ചെണ്ണയടക്കമുള്ള ആകർഷകമായ സമ്മാനങ്ങൾ നൽകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

റേഷൻ കടകൾ വഴി ഓണത്തിന് സ്പെഷ്യൽ അരി

ഓണത്തിന് പി.എച്ച്.എച്ച് (പിങ്ക്) കാർഡിന് നിലവിലുള്ള സൗജന്യ അരി വിഹിതത്തിന് പുറമെ 5 കിലോഗ്രാം അരി 10.90 രൂപ നിരക്കിൽ ലഭ്യമാക്കും. എൻ.പി.എസ് (നീല) കാർഡിന് നിലവിലുള്ള അരി വിഹിതത്തിന് പുറമെ 10 കിലോഗ്രാം അരി 10.90 രൂപ നിരക്കിലും എൻ.പി.എൻ.എസ് (വെള്ള) കാർഡിന് ആകെ 15 കിലോഗ്രാം അരി 10.90 രൂപ നിരക്കിലും ലഭ്യമാക്കും. എ.എ.വൈ (മഞ്ഞ) കാർഡിന് ഒരു കിലോ പഞ്ചസാര ലഭ്യമാക്കും. എല്ലാ വിഭാഗം റേഷൻകാർഡുകാർക്കും മണ്ണെണ്ണ വിഹിതം ഉറപ്പാക്കിയിട്ടുണ്ട്. ആദ്യ പാദത്തിലെ മണ്ണെണ്ണ വിഹിതം വാങ്ങാത്ത എ എ വൈ കാർഡുകൾക്ക് 2 ലിറ്റർ മണ്ണെണ്ണയും മറ്റ് വിഭാഗം കാർഡുകാർക്ക് ഒരു ലിറ്റർ മണ്ണെണ്ണയും രണ്ട് പാദത്തിലെയും ചേർത്ത് ആഗസ്റ്റ് മാസം അനുവദിച്ചിട്ടുണ്ട്. അർഹരായ 43,000 കുടുംബങ്ങൾക്ക് കൂടി ഓണത്തിന് മുമ്പ് മുൻഗണനാ കാർഡ് അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.

## ഹൈദരാബാദ് വിമാനത്താവളത്തിൽ 40 കോടി രൂപയുടെ കഞ്ചാവുമായി യുവതി പിടിയിൽ

ഹൈദരാബാദ്: രാജീവ് ഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ യാത്രക്കാരിയുടെ ബാഗിൽ നിന്നും 400 കിലോഗ്രാം ഹൈഡ്രോപോണിക് കഞ്ചാവ് പിടികൂടി. നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ (എൻസിബി) ആണ് പരിശോധന നടത്തിയത്.

പിടിച്ചെടുത്ത കഞ്ചാവിന് 40 കോടി രൂപ വിലമതിക്കുമെന്ന് എൻസിബി അറിയിച്ചു. രഹസ്യ വിവരങ്ങളുടെ നടത്തിയ പരിശോധനയിലാണ് രണ്ട് ബാഗുകളിൽ നിന്നായി കഞ്ചാവ് പിടിച്ചെടുത്തത്.

ബാങ്കോക്കിൽ നിന്നും ദുബായ് വഴിയാണ് ഇവർ ഹൈദരാബാദിലെത്തിയത്. യുവതിയുടെ തായ്‌ലൻഡിലെയും ഇന്ത്യയിലെയും ബന്ധങ്ങൾ കണ്ടെത്തുന്നതിനായി കൂടുതൽ അന്വേഷണം നടന്നുവരികയാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

## പലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കുമെന്ന് കാനഡയും

കാനഡ: പലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കുമെന്ന് കാനഡയും. സെപ്തംബറിൽ ഇക്കാര്യത്തിൽ പ്രഖ്യാപനം നടത്തും.

'2025 സെപ്റ്റംബറിൽ നടക്കുന്ന ഐക്യരാഷ്ട്രസഭയുടെ പൊതുസഭയുടെ 80-ാമത് സെഷനിൽ പലസ്തീനെ സ്വതന്ത്ര രാജ്യമായി അംഗീകരിക്കാൻ കാനഡ ഉദ്ദേശിക്കുന്നു'- കാർണി പറഞ്ഞു.

എന്നാൽ, ഹമാസിൻറെ പിന്തുണയില്ലാതെ അടുത്ത വർഷം നടക്കാൻ പോകുന്ന പലസ്തീനിയൻ അതോറിറ്റി തെരഞ്ഞെടുപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങൾ നിരീക്ഷിച്ചായിരിക്കും പ്രഖ്യാപനമെന്ന് പ്രധാനമന്ത്രി മാർക്ക് കാർണി വ്യക്തമാക്കി.

മാക്രോണിൻറെ പ്രഖ്യാപനത്തെ ഇസ്രായേൽ അപലപിച്ചു. കൂടാതെ, തീരുമാനം അർത്ഥശൂന്യമാണെന്ന് യു എസ് പ്രസിഡൻറ് ഡൊണാൾഡ് ട്രംപ് പറഞ്ഞു.

ഇതോടെ പലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിക്കുമെന്ന് അടുത്തിടെ പ്രഖ്യാപിക്കുന്ന മൂന്നാമത്തെ ജി 7 രാജ്യമായി കാനഡ. നേരത്തെ ഫ്രാൻസും പിന്നാലെ ബ്രിട്ടണും സമാനമായ പ്രഖ്യാപനം നടത്തിയിരുന്നു.

## അതിരപ്പിള്ളി ഉത്പന്നങ്ങൾ ആഗോള ബ്രാൻഡായി; ആദിവാസി കർഷകർക്ക് നേട്ടം

അതിരപ്പിള്ളി ട്രൈബൽ വാലി കാർഷിക പദ്ധതിയിലൂടെ ആദിവാസി കർഷകർ ഉത്പാദിപ്പിക്കുന്ന തനത് ഉത്പന്നങ്ങളായ കാപ്പി, തേൻ, കുരുമുളക്, കുടംപുളി എന്നിവയ്ക്ക് പ്രിയമേറുന്നു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ കൃഷി വകുപ്പ് ആദിവാസികളുടെ സമഗ്ര ഉന്നമനത്തിനായി നടപ്പിലാക്കിയ പൈലറ്റ് പദ്ധതിയാണിത്. കാർഷിക വിളകളുടെ വിളവ്യാപനം മുതൽ കാർഷിക ഉത്പന്ന മൂല്യവർദ്ധനവും വിപണനവും വരെ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

www.athirappillytribalvalley.com എന്ന വെബ്സൈറ്റ് വഴിയും സംസ്ഥാന, ദേശീയ തലങ്ങളിലെ വിവിധ എക്സിബിഷനുകൾ വഴിയും അതിരപ്പിള്ളി ബ്രാൻഡ് ഉപഭോക്താക്കളിലെത്തുന്നു. കൃഷി വകുപ്പിന്റെ കേരളഗ്രോ ബ്രാൻഡിംഗ് ചെയ്യുകയും ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെയും അതിരപ്പിള്ളി ബ്രാൻഡിലുള്ള ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നു. കൃഷിവകുപ്പിന്റെ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ വഴിയും അതിരപ്പിള്ളി ട്രൈബൽ ഫാർമേഴ്സ് സെന്റർ വഴിയും ചാലക്കുടിക്കടുത്ത് വെറ്റിലപ്പാറ ചിക്ലായിൽ പ്രവർത്തിക്കുന്ന സെൻട്രൽ പ്രോസസ്സിംഗ് യൂണിറ്റിലും ഉത്പന്നങ്ങൾ ലഭിക്കും.

ഇതുവരെ ഓൺലൈൻ വിൽപ്പനയിലൂടെ 86,075 രൂപയും ചില്ലറ വിൽപ്പന ഔട്ട്ലെറ്റുകളിലൂടെ 40,92,375 രൂപയും ലഭിച്ചു. ബ്രാൻഡിംഗിലൂടെ ആദിവാസി കർഷകർക്കും വനിതകൾക്കും ഉത്പന്നങ്ങൾക്ക് നല്ല വില ലഭിക്കുന്നുണ്ട്. കർഷകർ ഉത്പാദിപ്പിക്കുന്ന കാപ്പി, കുരുമുളക്, മഞ്ഞക്കൂവ, മഞ്ഞൾ എന്നിവ കൂടാതെ വനത്തിൽ നിന്ന് ശേഖരിക്കുന്ന തേൻ, തെള്ളി, കുടംപുളി തുടങ്ങിയവയും അതിരപ്പിള്ളി ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നുണ്ട്.

പദ്ധതിയുടെ ഭാഗമായി ആദിവാസി ഊരുകളായ തവളക്കുഴിപ്പാറ, അടിച്ചിൽതൊട്ടി, പെരുമ്പാറ, അരേകാപ്പ് എന്നിവിടങ്ങളിൽ കാർഷിക നഴ്സറികൾ ആരംഭിക്കുന്നതിനായി വനിതാ സംഘങ്ങൾ രൂപീകരിച്ചു. കഴിഞ്ഞ മൂന്നു വർഷത്തിൽ ഈ നഴ്സറികളിൽ 2.5 ലക്ഷത്തിലധികം തൈകൾ (കാപ്പി, കുരുമുളക്, കൊക്കോ, കവുങ്ങ്) ഉത്പാദിപ്പിക്കുകയും കർഷകർക്ക് വിതരണം ചെയ്യുകയും ചെയ്തു.

## കേരളത്തിലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ഓഫീസുകളിൽ എഐ റിസപ്ഷനിസ്റ്റ്

സംസ്ഥാന തൊഴിൽവകുപ്പിനു കീഴിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസുകളിലും എത്തുന്നവരെ ഇനി സ്വാഗതം ചെയ്യുന്നത് 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റിസപ്ഷനിസ്റ്റുകൾ. നിർമിത ബുദ്ധി സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള റിസപ്ഷൻ പ്ലാറ്റ്ഫോമിലൂടെ ഓഫീസുകളുടെ പ്രാഥമിക വിവരങ്ങൾ ലഭ്യമാക്കുന്നതിനും, നിർദ്ദേശങ്ങൾ നൽകുന്നതിനും, സംശയനിവാരണത്തിനും സാധിക്കും. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലാ ഓഫീസിലാണ് ആദ്യമായി എഐ റിസപ്ഷനിസ്റ്റ് കിയോസ്ക് - 'കെല്ലി' സ്ഥാപിച്ചത്. ഇതിന്റെ തുടർച്ചയായി കൊല്ലത്തുള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലും മറ്റു ജില്ലാ ഓഫീസുകളിലും കെല്ലി എഐ റിസപ്ഷനിസ്റ്റ് സേവനം വ്യാപിപ്പിക്കുന്നു.

ബാങ്കിങ് സേവനങ്ങൾ, ക്ഷേമനിധി ഫീസ് അടയ്ക്കുന്നതിനുള്ള സംവിധാനം, ഫയലുകളുടെ തൽസ്ഥിതി അറിയാനുള്ള ഇ ആർ പി ഏകീകരണം, ചോദിക്കുന്നതിനുള്ള മറുപടികളുടെ പ്രിന്റ്ഔട്ട് ലഭ്യമാക്കുന്ന സംവിധാനം എന്നിവ ഉൾപ്പെടുത്തി നവീകരിച്ച സംവിധാനമാണ് പുതിയതായി സജ്ജീകരിക്കുന്നത്. ബോർഡിന്റെ പ്രവർത്തനങ്ങൾ മുഴുവനായും ഡിജിറ്റൽ പ്ലാറ്റഫോമിലേക്ക് മാറുന്നതിന്റെ ഭാഗമായി ക്ഷേമനിധി അംഗങ്ങൾക്കായി കെല്ലി - ആൻഡ്രോയിഡ്, ഐ ഒ എസ് മൊബൈൽ ആപ്ലിക്കേഷനും ഇതോടൊപ്പം തയ്യാറാകുന്നുണ്ട്.

മോട്ടോർ തൊഴിലാളി ക്ഷേമനിധി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേക്ക് കൂടുതൽ കാര്യക്ഷമമായി നൽകുന്നതിന് കഴിഞ്ഞ നവംബർ മുതൽ തിരുവനന്തപുരം ഓഫീസിൽ റിസപ്ഷൻ പ്ലാറ്റ്ഫോം പ്രയോജനപ്പെടുത്തുന്നുണ്ട്. ഓഫീസിൽ എത്തുന്നവർക്ക് കെല്ലിയോട് നേരിട്ട് ചോദിച്ചു ബോർഡ് നൽകുന്ന സേവനങ്ങളെക്കുറിച്ചു മനസ്സിലാക്കാൻ കഴിയും. വിവരങ്ങൾ സ്ക്രീനിൽ ലഭ്യമാകുകയും കെല്ലിയുടെ വോയിസ് മറുപടി കേൾക്കാനും സാധിക്കും.

ആധുനിക നിർമിത ബുദ്ധി സാങ്കേതിക സംവിധാനങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള ഘമൃഴല ഘമിഴൗമഴല ങീറലഹ (ഘഘങ) മെറ്റയുടെ ലാമ 3 അടിസ്ഥാനമാക്കിയാണ് കെല്ലി വികസിപ്പിച്ചിരിക്കുന്നത്. ജനറേറ്റീവ് നിർമിത ബുദ്ധിയോടൊപ്പം ഇന്റർനെറ്റിൽ നിന്നും തത്സമയം ഡാറ്റകൾ ശേഖരിച്ച് അവ ക്രോഡീകരിച്ച് ഉത്തരം നൽകുന്നതിനും കെല്ലിയ്ക്ക് സാധിക്കും. ടച്ച് സ്ക്രീൻ കിയോസ്ക്കിലാണ് സോഫ്ട്വെയർ ഇൻസ്റ്റാൾ ചെയ്തിരിക്കുന്നത്. വെർച്വൽ അസിറ്റന്റാണ് പ്രവർത്തികൾ നിർവഹിക്കുന്നതും മറുപടികൾ നൽകുന്നതും. ഫേസ് റെക്കഗ്നിഷൻ സൗകര്യവും ഏകോപിപ്പിച്ചിട്ടുണ്ട്. മുഖഛായകൾ ശേഖരിക്കാനും അത് തിരിച്ചറിഞ്ഞു വ്യക്തികളെ സ്വാഗതം ചെയ്യാനും അവരുമായി ആശയവിനിമയം നടത്താനും കഴിയും.

ഗൂഗിൾ വെബ് സെർച്ച് എൻജിൻ, ഫേസ് റെക്കഗ്നിഷൻ എ ഐ മോഡലുകൾ, ലാമ ഇൻഡക്സ്, സ്പീച്ച് കൺവെർഷൻ, ലാങ്ക്വേജ് കൺവെർഷൻ മോഡലുകൾ തുടങ്ങിയ നൂതന സാങ്കേതിക മാതൃകകളിലൂടെയാണ് കെല്ലി പ്രവർത്തിക്കുന്നത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള നവീകരണം സംയോജിപ്പിക്കാൻ ശേഷിയുള്ളതാണ് കെല്ലി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതിക വിദ്യ സർക്കാരിന്റെ ദിവസേനയുള്ള പ്രവർത്തനങ്ങളിൽ ഉപയോഗപ്രദമാക്കുന്നതിനുള്ള മികച്ച സംവിധാനമാണ് കെല്ലി റിസപ്ഷൻ പ്ലാറ്റ്ഫോമുകൾ.

കേരള ടൈലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിന് വേണ്ടിയും കെല്ലി മൊബൈൽ ആപ്ലിക്കേഷൻ തയാറാക്കാൻ പദ്ധതിയുണ്ട്. കെല്ലി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് റിസപ്ഷൻ പ്ലാറ്റ്ഫോം നിർമ്മിച്ചിരിക്കുന്നത് കെൽട്രോൺ ആണ്.

## കേരള ഫിലിം പോളിസി കോൺക്ലേവ്: ഉദ്ഘാടനത്തിന് മുഖ്യാതിഥികളായി മോഹൻലാലും സുഹാസിനിയും

ഓഗസ്റ്റ് രണ്ട്, മൂന്ന് തിയതികളിൽ നടക്കുന്ന കേരള ഫിലിം പോളിസി കോൺക്ലേവിന്റെ ഉദ്ഘാടന സമ്മേളനത്തിൽ മുഖ്യാതിഥികളായി മോഹൻലാലും സുഹാസിനി മണിരത്നവും എത്തും. കേരള നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടക്കുന്ന കോൺക്ലേവ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

ശനിയാഴ്ച രാവിലെ 10 മണിക്ക് നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ കേന്ദ്ര പെട്രോളിയം പ്രകൃതി വാതകം ടൂറിസം സഹമന്ത്രി സുരേഷ് ഗോപി, വിദ്യാഭ്യാസ - തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി. ആർ. അനിൽ, ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ, ആരോഗ്യം വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്, സ്പീക്കർ എ. എൻ. ഷംസീർ, പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ, മേയർ ആര്യാ രാജേന്ദ്രൻ, വി.കെ. പ്രശാന്ത് എം.എൽ.എ, ശശി തരൂർ എം.പി. എന്നിവർ പങ്കെടുക്കും.

ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖൊബ്രഗഡെ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ഡോ. ദിവ്യ എസ്. അയ്യർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർപേഴ്സൺ കെ. മധു, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി ചെയർപേഴ്സൺ പ്രേംകുമാർ, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് ചെയർപേഴ്സൺ മധുപാൽ കെ, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് ചെയർമാൻ സയിദ് അഖ്തർ മിർസ തുടങ്ങിയവർ ചടങ്ങിൽ അതിഥികളാകും.

രാജ്യാന്തര സിനിമാ പ്രൊഫെഷണലുകൾ ഉൾപ്പെടെ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിൽ ഓസ്കാർ അവാർഡ് ജേതാവ് ഡോ.റസൂൽ പൂക്കുട്ടി, സംവിധായകൻ വെട്രിമാരൻ, ഐ.എഫ്.എഫ്.കെ. ഫെസ്റ്റിവൽ ക്യുറേറ്റർ ഗോൾഡ സെല്ലം, ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, കെ.എസ്.എഫ്.ഡി.സി. മാനേജിങ് ഡയറക്ടർ പി.എസ്.പ്രിയദർശനൻ, അഭിനേത്രിമാരായ പത്മപ്രിയ ജാനകിരാമൻ, നിഖില വിമൽ, നിർമ്മാതാവ് സന്തോഷ് ടി. കുരുവിള തുടങ്ങിയവർ പങ്കെടുക്കും. രാജ്യാന്തര, ഇന്ത്യൻ, മലയാള ചലച്ചിത്ര രംഗത്തെ പ്രമുഖർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിനെ തുടർന്ന് രണ്ട് ദിവസങ്ങളിലായി ചലച്ചിത്രമേഖലയുടെ വിവിധവശങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്ന കോൺക്ലേവിൽ സിനിമാമേഖലയുമായി ബന്ധപ്പെട്ട ഒൻപതോളം വിഷയങ്ങളിൽ സമഗ്രമായ ചർച്ചകൾ നടത്തും.

### സൗജന്യ പരിശീലനം

തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം പട്ടികജാതി / വർഗക്കാരായ ഉദ്യോഗാർഥികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സൗജന്യ പരിശീലന പരിപാടി ആരംഭിച്ചു. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട്ഹാൻഡ്, കമ്പ്യൂട്ടർ, ഇംഗ്ലീഷ്, അരിത്തമാറ്റിക്, ജനറൽനോളഡ്ജ് വിഷയങ്ങളിലാണ് പരിശീലനം. 10, +2 യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. വാർഷിക വരുമാനം മൂന്നുലക്ഷം കവിയാൻ പാടില്ല. കോഴ്സ് കാലാവധി ഒരു വർഷം. പ്രതിമാസം 1,000 രൂപ സ്റ്റൈപ്പൻഡും മറ്റു പഠനസാമഗ്രികളും സൗജന്യമായി നൽകും. കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താല്പര്യമുള്ളവർ ദേശീയ തൊഴിൽ സേവന കേന്ദ്രത്തിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2332113.

## ഓണാഘോഷം: വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിക്കും,ഓണാഘോഷം പ്രത്യേക തീമിൽ

ഈ വർഷത്തെ ഓണാഘോഷം വ്യത്യസ്തമായ പരിപാടികളോടെ സംഘടിപ്പിക്കുമെന്ന് ടൂറിസം മന്ത്രി പി. എ. മുഹമ്മദ് റിയാസ് പറഞ്ഞു. തിരുവനന്തപുരത്ത് നടന്ന സംഘാടക സമിതി യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പൊതുവിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുന്ന ഓണാഘോഷം ഒരു പൊതു തീം അടിസ്ഥാനമാക്കിയാവും നടത്തുക. പൊതു ഡിസൈനും ഉണ്ടാവും. ഘോഷയാത്രയും പൊതു തീം അടിസ്ഥാനമാക്കിയാവുമെന്ന് മന്ത്രി പറഞ്ഞു. വേദികളിലെ സൗകര്യങ്ങൾക്ക് അനുസരിച്ച് പരിപാടികൾ ഇടകലർത്തി സംഘടിപ്പിക്കുന്നതും പരിഗണിക്കും.

നഗരത്തിലെ വൈദ്യുതാലങ്കാരം രാത്രി ഒരു മണി വരെ ജനങ്ങൾക്ക് കണ്ട് ആസ്വദിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കുന്നതിന് പൊലീസിന് നിർദ്ദേശം നൽകുമെന്ന് ടൂറിസം മന്ത്രി പറഞ്ഞു. ഘോഷയാത്ര കാണുന്നതിനുള്ള വി വി ഐ പി പവലിയൻ കൂടുതൽ ആകർഷകമായി ഒരുക്കും. വിദേശികൾ എത്തുന്നുണ്ടെങ്കിൽ അവർക്കും പ്രത്യേക പവലിയൻ ആകർഷകമായ രീതിയിൽ ഒരുക്കണമെന്ന് മന്ത്രി പറഞ്ഞു. മാധ്യമങ്ങൾ, വ്ളോഗർമാർ എന്നിവർക്കും പ്രത്യേക സൗകര്യം സജ്ജീകരിക്കും.

മാലിന്യ നിർമാർജനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഗ്രീൻപ്രോട്ടോക്കോൾ കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാവണമെന്ന് അധ്യക്ഷത വഹിച്ച മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. എല്ലാത്തവണയും നഗരശുചീകരണം മികച്ച രീതിയിൽ കൈകാര്യം ചെയ്യാറുണ്ട്. അതു തുടരുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മാലിന്യം കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ബോധവത്ക്കരണവും ആലോചിക്കും. പ്രത്യേക മീഡിയ സെൽ നേരത്തെ തുടങ്ങും. കേരളീയം പരിപാടിയുടേതിന് സമാനമായ രീതിയിൽ ഫുഡ്ഫെസ്റ്റിവൽ സംഘടിപ്പിക്കും. ഫുഡ് സ്റ്റാളുകളും ആകർഷകമായ രീതിയിൽ സജ്ജീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. അതോടൊപ്പം വിപണന മേളകളും ശ്രദ്ധേയമായ രീതിയിൽ സംഘടിപ്പിക്കും. ഓണാഘോഷത്തിന്റെ ഭാഗമായുള്ള സുരക്ഷാ ക്രമീകരണങ്ങളിലും ജാഗ്രത പുലർത്തും. എം.എൽ.എമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സ്വഛസർവേക്ഷന്റെ ആയിരം റാങ്കിനുള്ളിൽ കേരളത്തിലെ 82 നഗരസഭകൾ

നഗരങ്ങളിലെ ശുചിത്വ നിലവാരം സംബന്ധിച്ച് കേന്ദ്ര പാർപ്പിട നഗരകാര്യ മന്ത്രാലയം നടത്തിവരുന്ന ദേശീയ ശുചിത്വ സർവ്വേയായ സ്വഛസർവേക്ഷന്റെ ഒൻപതാം പതിപ്പിൽ കേരളത്തിന് ഇത്തവണ വലിയ മുന്നേറ്റമുണ്ടാക്കാനായതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം. ബി. രാജേഷ്. കഴിഞ്ഞ സർവേയിൽ ഇന്ത്യയിലെ 4900 ത്തോളം വരുന്ന നഗരങ്ങളിൽ ദേശീയ റാങ്കിങ്ങിൽ കേരളത്തിലെ ഒറ്റ നഗരം പോലും ആയിരം റാങ്കിനുള്ളിലില്ലായിരുന്ന സ്ഥാനത്ത് ഇത്തവണ സംസ്ഥാനത്തെ 93 നഗരസഭകളിൽ 82 ഉം ആയിരം റാങ്കിനുള്ളിൽ വന്നതായി സെക്രട്ടറിയേറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി അറിയിച്ചു.

ദേശീയ തലത്തിൽ വ്യത്യസ്ത ജനസംഖ്യാടിസ്ഥാനത്തിൽ ആദ്യ 100 നഗരങ്ങളുടെ പട്ടികയിൽ കൊച്ചി, മട്ടന്നൂർ, തൃശ്ശൂർ, കോഴിക്കോട്, ആലപ്പുഴ, ഗുരുവായൂർ, തിരുവനന്തപുരം, കൊല്ലം എന്നീ 8 നഗരങ്ങൾ ആദ്യനൂറിൽത്തന്നെ ഇടം പിടിച്ചു. മട്ടന്നൂർ നഗരസഭയ്ക്ക് പ്രോമിസിങ് സ്വഛ് ശഹർ അവാർഡ് ലഭിച്ചു. തിരുവനന്തപുരം കോർപ്പറേഷന് വാട്ടർ പ്ലസ്, കൊച്ചി കോർപ്പറേഷൻ, കൽപ്പറ്റ, ഗുരുവായൂർ ഒഡിഎഫ് പ്ലസ് പ്ലസ് (വെളിയിട വിസർജന മുക്ത പ്രവർത്തനങ്ങളിലെ മികവ്.), ആലപ്പുഴ, ഷൊർണ്ണൂർ, പട്ടാമ്പി നഗരസഭകൾക്ക് ഗാർബേജ് ഫ്രീ സിറ്റി 3 സ്റ്റാർ, മറ്റ് 20 നഗരസഭകൾക്ക് ഗാർബേജ് ഫ്രീ സിറ്റി 1 സ്റ്റാർ എന്നിവയും ലഭിച്ചു.

ദൃശ്യമായ ശുചിത്വം, വേർതിരിക്കൽ, ശേഖരണം, മാലിന്യനീക്കം, ഖരമാലിന്യ പരിപാലനം, യൂസ്ഡ് വാട്ടർ മാനേജ്മെന്റ്, ഡീസ്ലഡ്ജിംഗ് സേവനങ്ങളുടെ യന്ത്രവൽക്കരണം, ശുചിത്വത്തിനു വേണ്ടിയുള്ള അഡ്വക്കേസി, ശുചിത്വ തൊഴിലാളികളുടെ ക്ഷേമം, പൗരൻമാരുടെ അഭിപ്രായവും, പരാതി പരിഹാരവും തുടങ്ങിയ സൂചകങ്ങളെ അടിസ്ഥാനമാക്കിയാണ് ശുചിത്വ മത്സരം നടത്തിയത്.

മുൻ വർഷത്തിൽ ശരാശരി 26 ശതമാനം മാർക്കായിരുന്നു നഗരസഭകൾ നേടിയിരുന്നത്. എന്നാൽ ഈ വർഷം ശരാശരി 56 ശതമാനമായി ഉയർന്നു.ദേശീയ വിലയിരുത്തലിൽ 12500 മാർക്കിൽ 10000 മാർക്ക് സ്വച്ഛ് സർവ്വേക്ഷനും 2500 മാർക്ക് ഒഡിഎഫ്,ജിഎഫ്സി സർട്ടിഫിക്കേഷനുകൾക്കുമാണ്. മട്ടന്നൂർ നഗരസഭയ്ക്ക് 76 ശതമാനം (9522) മാർക്കാണ്. കഴിഞ്ഞ വർഷം 3576 മാർക്കായിരുന്നു മട്ടന്നൂരിന്. ചെറിയ നഗരങ്ങളുടെ ഗണത്തിൽ വരുന്ന മട്ടന്നൂരിന് ദേശീയതലത്തിൽ 53ാം സ്ഥാനവും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവുമാണ് ലഭിച്ചത്. വലിയ നഗരങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്ന കഴിഞ്ഞ വർഷം 1840 മാർക്ക് മാത്രം നേടിയ കൊച്ചി ഇത്തവണ 8181 മാർക്ക് നേടി. ദേശീയതലത്തിൽ അൻപതാം സ്ഥാനത്തും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തുമെത്തി. ഇടത്തരം നഗരങ്ങളുടെ ഗണത്തിൽ കഴിഞ്ഞവർഷം 2945 മാർക്ക് മാത്രം നേടിയ ആലപ്പുഴ 9428 മാർക്ക് നേടി ദേശീയതലത്തിൽ 80-ാം സ്ഥാനവും സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും നേടി.

ശുചിത്വ സർട്ടിഫിക്കേഷനിൽ കൊച്ചി, ഗുരുവായൂർ, കൽപ്പറ്റ ശ്രദ്ധേയ സ്ഥാനം ലഭിച്ചു. കേരളത്തിൽ നിന്നും ആദ്യമായാണ് ശുചിത്വത്തിനുള്ള ഏറ്റവും ഉയർന്ന സർട്ടിഫിക്കേഷനായ വാട്ടർ പ്ലസ് തിരുവനന്തപുരം കോർപ്പറേഷന് നേടാൻ കഴിഞ്ഞത്. മാലിന്യ മുക്ത നഗര (ജിഎഫ്സി) സർട്ടിഫിക്കേഷനിൽ ഇതുവരെ ഒരു നഗരസഭയ്ക്കും റേറ്റിംഗ് നേടാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ 23 നഗരസഭകൾക്ക് ഈ വർഷം ജിഎഫ്സി സർട്ടിഫിക്കേഷൻ ലഭിച്ചു. അതിൽ ആലപ്പുഴ, ഷൊർണൂർ, പട്ടാമ്പി എന്നീ 3 നഗരസഭകൾക്ക് 3 സ്റ്റാറും, 20 മട്ടന്നൂർ, ഗുരുവായൂർ, വർക്കല, ചെർപ്പുളശ്ശേരി, വടക്കാഞ്ചേരി, കൊടുങ്ങല്ലൂർ, ഏറ്റുമാനൂർ, ആന്തൂർ, ഇരിട്ടി, കുന്നംകുളം, കൊച്ചി, കൽപ്പറ്റ, വളാഞ്ചേരി, കട്ടപ്പന, ഈരാറ്റുപേട്ട, പയ്യോളി, ഏറ്റുമാനൂർ, നോർത്ത് പറവൂർ, ഹരിപ്പാട്, കൂത്താട്ടുകുളം എന്നീ നഗരസഭകൾക്ക് 1 സ്റ്റാർ സർട്ടിഫിക്കേഷനും ലഭിച്ചു.

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പശ്ചാതലത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ ഉണ്ടായ മുന്നേറ്റമാണ് ഈ നേട്ടങ്ങളിലേക്ക് നയിച്ചത്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണത്തിനായി 37,134 ഹരിത കർമ്മ സേനകൾ നിലവിലുണ്ട്. ശേഖരിച്ച മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനും തരംതിരിക്കുന്നതിനുമായി 19,982 മിനി എം.സി. എഫുകൾ, 1342 എം. സി. എഫുകൾ, 192 ആർ. ആർ. എഫുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ മാലിന്യത്തിന്റെ ഫോർവേഡ് ലിങ്കെജ് ഉറപ്പാക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ക്ലീൻ കേരള കമ്പനി ഉൾപ്പെടെ 46 ഏജൻസികൾ നിലവിലുണ്ട്. ഇവ വഴി 2024-25 സാമ്പത്തിക വർഷം മാത്രം കൈകാര്യം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ് 1,52,604 ടൺ ആണ്. കൂടാതെ ജൈവ മാലിന്യ പരിപാലനത്തിനായി 25.12 ലക്ഷം വീടുകളിൽ ഗാർഹിക ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ട്. പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ 1062 എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുണ്ട്. ദ്രവമാലിന്യ പരിപാലനത്തിനായി 32 എസ്ടിപികൾ , 7 എഫ് എസ്ടിപികൾ, 11 എംടിയുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

ഇവയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും കൃത്യമായ ഡിജിറ്റൽ മോണിറ്ററിംഗ് ഉറപ്പാക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതമിത്രം ആപ്ലിക്കേഷൻ സാധ്യമാക്കി. മറ്റു 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വകാര്യ അപ്ലിക്കേഷനുകളും ഉപയോഗിക്കുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം എന്നിവയിൽ നടത്തിയ നിയമനിർമ്മാണങ്ങൾ മാലിന്യമുക്ത പ്രവർത്തനങ്ങൾക്ക് കൂടുതൽ പിന്തുണയേകി. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും നടപടി എടുക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപന തല വിജിലൻസ് സ്ക്വാഡുകളും 14 ജില്ലകളിലുമായി 23 ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും രൂപീകരിച്ചു. ഇവ വഴി മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി ഈ വർഷം ജനുവരി മുതൽ ജൂൺവരെ 90,438 എൻഫോഴ്സ്മെന്റ് പരിശോധനകൾ നടത്തി. ഇവയിലാകെ 8.55 കോടി രൂപ പിഴ ചുമത്തി.

സംസ്ഥാനത്ത് കണ്ടെത്തിയ 59 വലിയ മാലിന്യ കൂനകളിൽ 24 എണ്ണം ബയോ മൈനിംഗിലൂടെ പൂർണ്ണമായും നീക്കം ചെയ്തു. ഈ പ്രവർത്തനങ്ങൾക്കും നേട്ടങ്ങൾക്കുമൊപ്പം ദേശീയനിലവാരസൂചികയിൽ മുൻപിലെത്താൻ സ്വച്ഛ് സർവ്വേക്ഷൻ മാനദണ്ഡങ്ങൾക്കനുസൃതമായി ശുചിത്വമിഷൻ വഴി പ്രവർത്തനങ്ങളെ ഇത്തവണ ചിട്ടപ്പെടുത്തി. വരും വർഷങ്ങളിൽ എല്ലാ കാറ്റഗറിയിലും നഗരസഭകളെ മുന്നിലെത്തിക്കുന്നതോടൊപ്പം ഒഡിഎഫ് പ്ലസ് പ്ലസ്, വാട്ടർ പ്ലസ്, ജിഎഫ്സി സർട്ടിഫിക്കേഷൻ എന്നിവ ലഭ്യമാക്കുകയാണ് അടുത്ത പ്രധാന ലക്ഷ്യം. അതിനായി എല്ലാ തരം മാലിന്യവും സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദൗത്യത്തിലേയ്ക്ക് സർക്കാർ ലക്ഷ്യമിടുന്നെന്നും മന്ത്രി അറിയിച്ചു.

# കേരള - യൂറോപ്യൻ യൂണിയൻ കോൺക്ലേവ് : പ്രതീക്ഷിക്കുന്നത് 500 കോടി യൂറോയുടെ നിക്ഷേപം

ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കേരള-യൂറോപ്യൻ യൂണിയൻ ബ്ലൂ ഇക്കോണമി കോൺക്ലേവ് സംഘടിപ്പിക്കും. സെപ്റ്റംബർ 18,19 തീയതികളിലായി തിരുവനന്തപുരം കോവളത്താണ് കോൺക്ലേവ് നടക്കുക. മുഖ്യമന്ത്രി പിണറായി വിജയനും കേന്ദ്ര, സംസ്ഥാന മന്ത്രിമാരും പങ്കെടുക്കുന്ന കോൺക്ലേവിൽ ഇന്ത്യയിലെ യൂറോപ്യൻ യൂണിയൻ അംബാസഡർ ഹെർവെ ഡെൽഫിന്റെ നേതൃത്വത്തിൽ നൂറോളം പേരടങ്ങുന്ന സംഘം പങ്കെടുക്കും. ഫെഡറേഷൻ ഓഫ് യൂറോപ്യൻ ബിസിനസ് ഇൻ ഇന്ത്യ പ്രതിനിധികളും സംസ്ഥാനത്തെ വ്യവസായ പ്രമുഖരും വിദഗ്ധരും വിവിധ പദ്ധതികളിൽ നിക്ഷേപത്തിന് താത്പര്യമുള്ള മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വ്യവസായികളും ഉൾപ്പെടെ 750 ഓളം ക്ഷണിക്കപ്പെട്ട പ്രതിനിധികളാകും കോൺക്ലേവിനെത്തുക. ബ്ലൂ ഇക്കോണമി, വ്യാവസായിക ക്ലസ്റ്ററുകൾ, നൈപുണ്യ വികസനം, വിദ്യാഭ്യാസം, കുടിയേറ്റം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്ന കോൺക്ലേവിലൂടെ 500 കോടി യൂറോയുടെ വരെ നിക്ഷേപമാണ് കേരളം പ്രതീക്ഷിക്കുന്നത്. വ്യവസായ വകുപ്പ്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (ഗടകഉഇ) എന്നിവരുടെ സജീവ പിന്തുണയോടെ സംഘടിപ്പിക്കുന്ന കോൺക്ലേവിൽ തുറമുഖ വകുപ്പ്, ഹാർബർ എൻജിനീയറിങ് വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്,വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തൊഴിൽ വകുപ്പ്, ആയുഷ് വകുപ്പ് അടക്കം വിവിധ വകുപ്പുകളുടെ പങ്കാളിത്തമുണ്ടാകും.

സുസ്ഥിരമായ രീതിയിൽ സമുദ്ര വിഭവങ്ങൾ ഉപയോഗിച്ച് സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുന്നതിനും ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമൊപ്പം സമുദ്ര ആവാസവ്യവസ്ഥയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുമാണ് ബ്ലൂ ഇക്കോണമി കോൺക്ലേവിലൂടെ ലക്ഷ്യം വയ്ക്കുന്നത്. തീരമേഖലയുടെ സമഗ്ര വികസനം, മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യ മാർക്കറ്റുകളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ, അനുബന്ധ വ്യവസായങ്ങളും കയറ്റുമതിയും വിപുലമാക്കൽ, മൂല്യ വർധിത ഉത്പന്നങ്ങളുണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവ ലക്ഷ്യമിട്ട് വൻതോതിൽ നിക്ഷേപകരെ ആകർഷിക്കാനുള്ള പദ്ധതികളാണ് കോൺക്ലേവിലൂടെ ഫിഷറീസ് വകുപ്പ് മുന്നോട്ടുവയ്ക്കുന്നത്. തീരദേശ ടൂറിസത്തിന് പുത്തനുണർവ് നൽകാനായി ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായുള്ള പദ്ധതികളും കോൺക്ലേവിലൂടെ അവതരിപ്പിക്കുന്നുണ്ട്. ആയുഷ് വകുപ്പുമായി ചേർന്ന് കേരളത്തിൽ വെൽനെസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനൊപ്പം യൂറോപ്യൻ രാജ്യങ്ങളിലും വെൽനെസ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നിക്ഷേപ സാധ്യത കൂടി കോൺക്ലേവിൽ തേടും. ജലഗതാഗത സംവിധാനങ്ങൾ വിപുലമാക്കാനും ക്രൂയിസ് ടൂറിസം പ്രോത്സാഹിപ്പിക്കാനുമുള്ള പദ്ധതികളും കോൺക്ലേവിൽ അവതരിപ്പിക്കും. ഹരിത ഊർജമുപയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതുൾപ്പെടെ മത്സ്യബന്ധന ബോട്ടുകളുടെ ആധുനികവത്കരണവും പ്രധാന ചർച്ചയാകും.

കുഫോസിനെ സമുദ്ര ഗവേഷണ രംഗത്തെ അന്താരാഷ്ട്ര വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾക്ക് കൂടിയാണ് ബ്ലൂ ഇക്കോണമി കോൺക്ലേവിലൂടെ തുടക്കമിടുന്നത്. യൂറോപ്യൻ സർവകലാശാലകളുടെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രതിനിധികളും കോൺക്ലേവിൽ പങ്കെടുക്കുന്നുണ്ട്. ഇവരുമായുള്ള ചർച്ചകളിലൂടെ കുഫോസും യൂറോപ്യൻ സർവകലാശാലകളുമായി സ്റ്റുഡൻറ് എക്സ്ചേഞ്ച് പരിപാടികളും പഠന, ഗവേഷണ രംഗങ്ങളിലെ വിവര വിനിമയവുമെല്ലാം സാധ്യമാക്കാനാണ് ശ്രമം. തീരദേശത്തെ യുവാക്കൾക്കും വനിതകൾക്കും സംരംഭങ്ങൾ തുടങ്ങാനാവശ്യമായ പരിശീലനവും പിന്തുണയും നൽകാനും ഇതിന് യൂറോപ്പിൽ നിന്ന് ഗ്രാൻറ് ലഭ്യമാക്കാനും ഫിഷറീസ് വകുപ്പ് ശ്രമിക്കുന്നുണ്ട്. തീരദേശ മേഖലകളിൽ സെയിലിങ് സ്കൂളുകളും ഇൻറഗ്രേറ്റഡ് അക്വാ പാർക്ക് ആൻഡ് ഓഷ്യനേറിയങ്ങളും സ്ഥാപിക്കാനും പദ്ധതിയുണ്ട്. മറ്റ് വകുപ്പുകളിൽ നിന്നുള്ള പദ്ധതികളും യൂറോപ്യൻ പ്രതിനിധികൾക്ക് മുന്നിൽ അവതരിപ്പിക്കാനും നിക്ഷേപം തേടാനുമുള്ള അവസരം കൂടി കോൺക്ലേവിലൂടെ ഒരുങ്ങും.

# ജില്ലാപഞ്ചായത്ത് വാർഡ് : ഡീലിമിറ്റേഷൻ കമ്മീഷൻ ഹീയറിംഗ് പൂർത്തിയായി

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൻമേൽ ഡീലിമിറ്റേഷൻ കമ്മീഷൻ ഹീയറിംഗ് പൂർത്തിയായി. പരാതി സമർപ്പിച്ചിട്ടുള്ളവരിൽ ഹാജരായ മുഴുവൻ പേരെയും കമ്മീഷൻ നേരിൽ കേട്ടു. തിരുവനന്തപുരം തൈയ്ക്കാട് പി.ഡബ്ള്യൂ.ഡി റെസ്റ്റ് ഹൗസിൽ നടന്ന ഹീയറിംഗിൽ ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ, കമ്മീഷൻ അംഗം ഡോ.രത്തൻ യു.ഖേൽക്കർ, കമ്മീഷൻ സെക്രട്ടറി എസ്.ജോസ്നമോൾ എന്നിവർ പങ്കെടുത്തു.

14 ജില്ലകളിലായി ആകെ 147 പരാതികളാണ് ലഭിച്ചിരുന്നത്. ജില്ലാപഞ്ചായത്ത് കരട് വാർഡ് വിഭജനനിർദ്ദേശങ്ങൾ ജൂലൈ 21 ന് പ്രസിദ്ധീകരിച്ചിരുന്നു. ജില്ലാപഞ്ചായത്ത് വാർഡുകളുടെ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതോടെ ഡീലിമിറ്റേഷൻ പ്രക്രിയ പൂർത്തിയാകും. 14 ജില്ലാപഞ്ചായത്തുകളിലായി നിലവിലുണ്ടായിരുന്ന 331 വാർഡുകൾ 346 ആയി വർദ്ധിക്കും.

# രാജ്യത്ത് പരോക്ഷനികുതി സംവിധാനത്തിൽ "ഫേസ് ലെസ്സ് അഡ്ജുഡിക്കേഷൻ" നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം

രാജ്യത്ത് പരോക്ഷ നികുതി സംവിധാനത്തിൽ പുത്തൻ മാറ്റങ്ങൾ ആവിഷ്കരിച്ചു കൊണ്ട് കേരള സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഓഗസ്റ്റ് 1 മുതൽ ഫേസ് ലെസ്സ് അഡ്ജുഡിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നു. ഇന്ത്യയിൽ ഇത് നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം.

അഡ്ജുഡിക്കേറ്റിങ് അതോറിറ്റിയും, ടാക്സ് പേയറും മുഖാമുഖം കാണാതെ, മുഴുവൻ പ്രക്രിയകളും ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയും, ഇ-കമ്മ്യൂണിക്കേഷനിലൂടെയും നടക്കുന്ന സുതാര്യമായ നികുതി നിർണ്ണയ സംവിധാനമാണ് ഫേസ് ലെസ്സ് അഡ്ജുഡിക്കേഷൻ. ഇതിൻറെ ഭാഗമായി ടാക്സ് പേയറിന് ഷോ കോസ് നോട്ടീസ് (ടഇച) ലഭിക്കൽ മുതൽ അതിന്റെ മറുപടി സമർപ്പിക്കൽ, ഹിയറിങ്, വെർച്യുൽ/ രേഖാമൂലമുള്ള സമർപ്പണം, ഫൈനൽ ഓർഡർ പുറപ്പെടുവിക്കൽ തുടങ്ങിയ എല്ലാ നടപടികളും ഓൺലൈൻ ആയിരിക്കും. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ഓഡിറ്റ് വിഭാഗം നൽകുന്ന കാരണം കാണിക്കൽ നോട്ടീസുകളിന്മേൽ ആഗസ്റ്റ് 1 മുതൽ വിധിനിർണ്ണയം നടത്തുന്നത് വകുപ്പിലെ, മുൻകൂട്ടി തീരുമാനപ്പെടുത്തിയിട്ടില്ലാത്ത, ഒരു നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ ആയിരിക്കും. ആദ്യഘട്ടത്തിൽ, പരീക്ഷണാടിസ്ഥാനത്തിൽ പത്തനംതിട്ട, ഇടുക്കി ജില്ലകളിലാണ് ഈ മാറ്റം നടപ്പിലാക്കുന്നത്.

നീതിയുക്തവും, വസ്തുനിഷ്ഠവുമായ നികുതി നിർണ്ണയം ഉറപ്പാക്കുകയും, ഭൗതിക വിധിനിർണ്ണയ നടപടികളുടെ പ്രവർത്തനത്തിലെ ചില പോരായ്മകൾ, വിധിനിർണ്ണയ നടപടികളിലെ വ്യക്തിനിഷ്ഠത, രേഖാമൂലമുള്ള സമർപ്പണങ്ങൾ പരിഗണിക്കാതിരിക്കൽ, നികുതിദായകർക്ക് മറുപടി സമർപ്പിക്കുന്നതിന് അവസരങ്ങൾ നൽകാതിരിക്കൽ തുടങ്ങിയവ ഒഴിവാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അതോടൊപ്പം മാറുന്ന സാങ്കേതിക വിദ്യകൾക്ക് അനുസൃതമായി നികുതി ഭരണത്തിലും മാറ്റങ്ങൾ കൊണ്ടുവന്ന് സർക്കാരിന്റെ പ്രഖ്യാപിത നയമായ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിലൂടെ സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കാനും സഹായകമാകും.

നികുതിദായകന് വകുപ്പിന്റെ ഓഫീസുകൾ സന്ദർശിക്കേണ്ട ആവശ്യവും ഇതിലൂടെ ഒഴിവാകും. നികുതി നിർണ്ണയ പ്രക്രിയയുമായി ബന്ധപ്പെട്ട കാരണംകാണിക്കൽ നോട്ടിസുകളിന്മേൽ നികുതിദായകന്റെ ഭാഗം കേൾക്കുന്നത്, നിലവിലുള്ള ഏതെങ്കിലും ഓൺലൈൻ മീറ്റിങ് പ്ലാറ്റ് ഫോമുകൾ വഴി "ഒരു ഫേസ് ലെസ്സ് അഡ്ജുഡിക്കേറ്റിംഗ് അതോർറ്റി" ആയിരിക്കും. നികുതിദായകർക്ക് അവരുടെ ഭാഗം ന്യായീകരിക്കുവാനുള്ള രേഖകൾ സമർപ്പിക്കുവാൻ ജി.എസ്.ടി കോമൺ പോർട്ടൽ ഉപയോഗിക്കുകയും ചെയ്യാം. ഇത് വഴി നികുതിദായകർക്ക് സമയം ലാഭിക്കുവാനും തങ്ങളുടെ ഭാഗം കൃത്യമായി കേട്ടുവെന്ന് ഉറപ്പാക്കുവാനും സാധിക്കും.

# മാലിന്യ സംസ് കരണത്തിന് പുതിയ പദ്ധതികൾ നടപ്പിലാക്കും: മന്ത്രി എം ബി രാജേഷ്

മാലിന്യ സംസ്കരണത്തിനായി സംസ്ഥാനത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കുമെന്ന് തദ്ദേശ സ്വയംഭരണ-എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ്. ഖര മാലിന്യ സംസ്കരണത്തിനായി 6 ആർ ഡി എഫ് പ്ലാന്റുകളും സാനിറ്ററി മാലിന്യ സംസ്കരണത്തിന് സാനിറ്ററി ഇൻസിനറേറ്റർ പ്ലാന്റുകളും ജൈവ മാലിന്യ സംസ്കരണത്തിന് 7 സിബിജി പ്ലാന്റുകളും നിർമ്മിക്കും. മാലിന്യമുക്ത സംസ്കാരം വളർത്തിയെടുക്കുന്നതിനായി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുമെന്നും സെക്രട്ടറിയേറ്റ് പിആർ ചേംബറിൽ നടന്ന വാർത്താസമ്മേളനത്തിൽ മന്ത്രി പറഞ്ഞു.

പുനരുപയോഗം സാധ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ പൊടിച്ച് ബെയിൽ ചെയ്ത് ആർ ഡി എഫ് രൂപത്തിലാക്കി സിമന്റ് കമ്പനികളിൽ എത്തിക്കുകയാണെങ്കിൽ നിശ്ചിത തുക സിമന്റ് കമ്പനികളിൽ നിന്നും ലഭിക്കുകയും മാലിന്യത്തിന് ട്രാൻസ്പോർട്ടേഷൻ പണച്ചെലവ് കുറഞ്ഞ രീതിയിൽ നടത്താൻ സാധിക്കുകയും ചെയ്യും. ഇതിനായി ആവശ്യമുള്ള 6 ആർ ഡി എഫ് പ്ലാന്റുകൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിക്കും. പ്ലാന്റുകൾ നിർമ്മിക്കുന്നതിനും നടത്തുന്നതിനുമുള്ള വൈദഗ്ധ്യവും ചെലവും കണക്കിലെടുത്ത് സ്വകാര്യമേഖലയെ കൂടി സംയോജിപ്പിച്ച് ഈ പ്രവർത്തനങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ക്ലീൻ കേരള കമ്പനിയുടേയും സ്വകാര്യസംരംഭകരുടേയും മൂലധന നിക്ഷേപത്തിലൂടെ പ്രതിദിനം 720 ടൺ ആർ ഡി എഫ് ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റുകളുടെ നിർമ്മാണമാണ് ലക്ഷ്യം.

സാനിറ്ററി മാലിന്യം സംസ്കരിക്കുന്നതിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ക്ലീൻ കേരള കമ്പനി മുഖേന സാനിറ്ററി പ്ലാന്റുകൾ നിർമ്മിക്കും. 6 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാനിട്ടറി മാലിന്യ സംസ്കരണത്തിനായുള്ള ഡബിൾ ചേംബർ ഇൻസിനറേറ്ററുകൾ നിലവിലുണ്ട്. പുതിയവ വരുന്നതോടെ പ്രതിദിനം 80-100 ടൺ സാനിറ്ററി മാലിന്യ സംസ്കരണ കപ്പാസിറ്റി സംസ്ഥാനത്തിന് ഉണ്ടാകും. ഗാർഹിക-സ്ഥാപന തല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളിൽ സംസ്കരിക്കാൻ സാധിക്കാത്ത അധികമായി വരുന്ന ജൈവ മാലിന്യങ്ങൾ സംസ്കരിച്ചു കംപ്രസ്ഡ് ബയോ ഗ്യാസാക്കി മാറ്റുന്നതിനായി സംസ്ഥാനത്താകെ 7 പ്രൊജക്റ്റുകൾ ആരംഭിക്കും. പാലക്കാട്, ചങ്ങനാശേരി മുനിസിപ്പാലിറ്റികളിലും കൊച്ചി, തൃശ്ശൂർ, തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് കോർപ്പറേഷനുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ നഗരസഭകളിൽ ആദ്യഘട്ടമായി നടപ്പിലാക്കിയ ഇ-മാലിന്യ ശേഖരണം സെപ്തംബർ മുതൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കും.തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യസംസ്കരണ പ്രവർത്തനങ്ങളിൽ പുതുമയുള്ളതും നേതൃത്വപരവുമായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന വിദ്യാർഥികൾക്ക് പ്രത്യേക സ്കോളർഷിപ്പിന് പദ്ധതി ആവിഷ്കരിക്കും. 1500 രൂപ വീതം 50000 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകും. ഓരോ തദ്ദേശഭരണസ്ഥാപനതലത്തിലും 45 മുതൽ നൂറുവരെ വിദ്യാർഥികൾ സ്കോളർഷിപ്പിന് അർഹരാകും.

ഈ വർഷവും ഓണത്തെ ഹരിത ഓണമായി വരവേൽക്കാനാണ് സർക്കാർ തീരുമാനം."വൃത്തിയുള്ള കേരളം" എന്ന ലക്ഷ്യം കേരളമാകെ അനുഭവേദ്യമാക്കാനും അവ ചർച്ച ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്ന രീതിയിൽ ഓണാഘോഷം സംഘടിപ്പിക്കാനുള്ള നേതൃത്വപരമായ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പൊതുയിടങ്ങൾ വൃത്തിയായി സൂക്ഷിക്കൽ, മുഴുവൻ വ്യാപാര സ്ഥാപനങ്ങളും മാലിന്യം തരംതിരിച്ച് നിക്ഷേപിക്കാൻ മതിയായ വേസ്റ്റ്ബിൻ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കൽ, വഴിയോര വാണിഭം വ്യാപാര സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കാനും സംഭരിക്കാനും നീക്കം ചെയ്യാനും കൃത്യമായ ക്രമീകരണം ഉണ്ടാക്കൽ, വിനോദ/ആഘോഷ പരിപാടികൾക്കായി ജനങ്ങൾ കൂടുതലായി എത്തുന്ന സ്ഥലങ്ങളിൽ അധികമായി പൊതു വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കൽ, വ്യാപാരസ്ഥാപനങ്ങളിൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിന് നടപടി സ്വീകരിക്കൽ, ഓണാഘോഷത്തിന്റെ ഭാഗമായുള്ള അലങ്കാരങ്ങൾക്കും പൂക്കളത്തിനും നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ ഉപയോഗിക്കാതിരിക്കൽ, സ്ഥാപനങ്ങളിൽ ഓണ സദ്യകൾ സംഘടിപ്പിക്കുമ്പോൾ നിരോധിത പ്ലാസ്റ്റിക് കപ്പ്/ പാത്രം/ ഇല/ സ്പൂൺ തുടങ്ങിയവ ഉപയോഗിക്കാതിരിക്കൽ, ഓണത്തിന് മുൻപുള്ള വാതിൽപ്പടി ശേഖരണത്തിന്റെ ഭാഗമായി ഇ-മാലിന്യങ്ങളും സാനിറ്ററി മാലിന്യങ്ങളും ഒഴികെയുള്ള എല്ലാ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിനുള്ള ക്രമീകരണം ഉറപ്പാക്കൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ, വലിച്ചെറിയാതിരിക്കൽ, നിരോധിത വസ്തുക്കളുടെ വില്പനയും ഉപയോഗവും തടയൽ തുടങ്ങി മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ പരമാവധി ജനങ്ങളിലെത്തിക്കാൻ ശക്തമായ പ്രചരണ പരിപാടികൾ നടത്തും.

മാലിന്യരഹിത ഓണം മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ/ ഇതര സ്ഥാപനങ്ങൾ/ സർക്കാർ സ്ഥാപനങ്ങൾ/ റസിഡൻസ് അസോസിയേഷൻ/ ഫ്ലാറ്റ് സമുച്ചയങ്ങൾ/ ആർട്സ് / സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങി ഓരോ വിഭാഗത്തിനും അവാർഡുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്നതിനും ക്രമീകരണം ഉണ്ടാക്കും. ജില്ലയിൽ ഏറ്റവും മികച്ച രീതിയിൽ മാലിന്യരഹിത ഓണം ഉറപ്പാക്കിയ ഗ്രാമപഞ്ചായത്തിനും നഗരസഭയ്ക്കും ജില്ലാ തല പുരസ്ക്കാരം നൽകും. ഇതിനുള്ള മുന്നൊരുക്കങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്.

ബിവറേജസ് കോർപ്പഷൻ ഔട്ട് ലെറ്റുകൾ വഴി വിൽപന നടത്തുന്ന പ്ലാസ്റ്റിക്, ഗ്ലാസ് ബോട്ടിലുകൾ ഒരു ഡെപോസിറ്റ് തുക ചുമത്തി നൽകുകയും തിരിച്ചു ഈ കുപ്പികൾ ഔട്ട് ലെറ്റിൽ കൊണ്ട് വന്നു നിക്ഷേപിക്കുമ്പോൾ ഡെപോസ്സിറ്റ് തുക തിരികെ നൽകുകയും ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കും. ക്ളീൻ കേരള കമ്പനിയുമായി ചേർന്ന് ഇതിന്റെ ആദ്യ പൈലറ്റ് നിർവഹണം സെപ്തംബറിൽ തിരുവനന്തപുരത്തു നടത്തും. സംസ്ഥാനത്ത് നിർമ്മിക്കുന്ന നാല് സൂപ്പർ പ്രീമിയം ഔട്ട്ലെറ്റുകളിൽ ആദ്യത്തേത് തൃശൂരിൽ ആഗസ്റ്റ് 5 ന് ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

# സുഹൃത്തിന്റെ വീട്ടിൽ മോഷണം; കൗമാരക്കാർ അറസ്റ്റിൽ

ന്യൂഡൽഹി: സുഹൃത്തിന്റെ വീട്ടിൽ അതിക്രമിച്ചു കയറി സ്വർണവും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളും മോഷ്ടിച്ച കൗമാരക്കാർ പിടിയിൽ. ഡൽഹിയിലെ ആർകെ പുരത്ത് നടന്ന സംഭവത്തിൽ മൂന്ന് പേരെ പോലീസ് അറസ്റ്റ് ചെയ്തു. 15നും 16നും ഇടയിൽ പ്രായമുള്ളവരാണ് പിടിയിലായത്. പരാതിക്കാരന്റെ മകന്റെ സുഹൃത്തുക്കളാണ് ഇവർ. ആഡംബര പ്രിയനായ സുഹൃത്തിന്റെ വീട്ടിൽ വിലപിടിപ്പുള്ള വസ്തുക്കൾ ഉണ്ടെന്ന് കരുതിയാണ് പ്രതികൾ മോഷണം നടത്തിയതെന്ന് പോലീസ് പറഞ്ഞു.

കുടുംബം വീട്ടിലില്ലാത്ത സമയത്താണ് ഇവർ കവർച്ച നടത്തിയത്. മോഷ്ടിച്ച മുഴുവൻ സ്വർണാഭരണങ്ങളും പോലീസ് കണ്ടെടുത്തു. ജൂലൈ 15 ന് ഉച്ചയ്ക്ക് രണ്ടിനും നാലിനും ഇടയിലാണ് മോഷണം നടന്നതെന്ന് ആർകെ പുരം സ്വദേശിയായ രവീന്ദർ നൽകിയ പരാതിയിൽ പറയുന്നു. പൂട്ട് തകർത്താണ് പ്രതികൾ വീടിന് ഉള്ളിൽ പ്രവേശിച്ചത്. ബിഎൻഎസിന്റെ പ്രസക്തമായ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് പറഞ്ഞു.